RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



*Vol. 11* *2020 Jully* *No.07*

# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11    ജൂലൈ - 2020    ലക്കം 07**

ഒറ്റപ്രതി 10 രൂപ    വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| ഇടയലേഖനം ............................................................... | 05 |
| സർക്കുലർ ............................................................... | 12 |
| *Intimation of Decree of Declericalisation* ................................. | 21 |
| പുരോഹിതൻ വിശ്വാസത്തിന്റെയും ........................... | 22 |
| രൂപതാകച്ചേരി വാർത്തകൾ ..................................... | 28 |
| മതബോധനരംഗം ....................................................... | 33 |
| ചെറുപുഷ്പ മിഷൻലീഗ് ............................................. | 36 |
| *Department of Youth Ministry* ............................................. | 40 |
| കെ.സി.വൈ.എം ......................................................... | 43 |
| കുടുംബപ്രേഷിതത്വം .................................................... | 55 |
| സീയോൻ വാർത്തകൾ ................................................ | 59 |
| സാമൂഹ്യ സേവനരംഗം (WSSS) ..................................... | 60 |
| ബയോവിൻ അഗ്രോ റിസർച്ച് ...................................... | 65 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി........................ | 66 |
| റേഡിയോ മാറ്റൊലി ...................................................... | 70 |
| വിദ്യാഭ്യാസ മേഖല ....................................................... | 73 |

Prot. No. 0714/2020

## ഇടയലേഖനം

### സഭാദിനം 3 ജൂലൈ 2020

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് **കർദ്ദിനാൾ ജോർജ് ആലഞ്ചേരി** തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാ തിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോ മലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാനാ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു.'കർത്താവേ', 'ദൈവമേ' എന്ന രണ്ടു വിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനു സമാനമായ വി.പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം, 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനു ശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള

വി.പത്രോസിന്റെ പൂർണമായ വിശ്വാസസമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാ ശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും പലതലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിത ശൈലിയിൽ നിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമന മനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാന പ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാമക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയ ചിന്തയിൽ നിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാ സംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും

വേണ്ടി യഥാസമയം വേണ്ടത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശംകൊണ്ട് ഉത്തമ ക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡുകാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോക ജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്നതിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാ കർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗവ്യാപന നിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണ ഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡുകാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നു കൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ,

സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചുവന്നു കൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തി ക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടി ക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ.3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹികമാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയും വിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമത പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്രസംഘടനയുടെ മുറിയിപ്പു പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉൽപദിപ്പിക്കുന്നവ കൊണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻവേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷി ചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായവിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതര രാജ്യങ്ങളിലും വിൽപന സാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേതീരൂ. അതോടൊപ്പം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമന പ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്നനിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ


നടക്കുന്നുവെറിഞ്ഞാൽ പൊതുമനസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷ മൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡാനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി.തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി! ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നൽകപ്പെട്ടത്.



**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:-** ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ജൂൺ 28-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# സർക്കുലർ

***Circular Letter No. 17/2020***
***Prot. No. 23212/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരേ, സഹോദരങ്ങളേ, വാൽസല്യമുള്ള കുട്ടികളേ,

ഏതാണ്ട് രണ്ടര മാസത്തെ അടച്ചിടലിന് ശേഷം നമുക്ക് പ്രിയപ്പെട്ട ഇടങ്ങളായിരുന്ന ദൈവാലയങ്ങൾ ജൂൺ 8 മുതൽ ആരാധനയ്ക്കായി വീണ്ടും തുറക്കുകയാണ്. അതിനുള്ള അനുമതി കേന്ദ്രസർക്കാരും കേരള സർക്കാരും തന്നു കഴിഞ്ഞു. എന്നാൽ നമ്മുടെ രൂപതയുടെ ഭാഗമായ തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിലെ ദേവാലയങ്ങൾ തുറക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല. അവിടുത്തെ കാര്യങ്ങൾ തമിഴ്നാട് സർക്കാരിന്റെ തീരുമാനം അനുസരിച്ച് മാത്രമേ ക്രമീകരിക്കാൻ സാധിക്കുകയുള്ളു. താമസംവിനാ അവിടെയും തുറക്കാനുള്ള സാഹചര്യമുണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ആരാധനാലയങ്ങൾ തുറക്കണമെന്നും തുറക്കണ്ട എന്നും പറയുന്നവരുണ്ട്. ഇരുകൂട്ടർക്കും അവരവരുടേതായ കാരണങ്ങളും നിരത്താനുണ്ട്. ചിലരുടെ ദൃഷ്ടിയിൽ ആരാധനാലയങ്ങളിലെ ആരാധന ഒരു അവശ്യവസ്തുവല്ല. അതുകൊണ്ട് അവയിപ്പോൾ തുറക്കേണ്ടതില്ല. വീട്ടിലിരുന്ന് പ്രാർത്ഥിച്ചാലും മതി എന്നതാണവരുടെ നിലപാട്. കത്തോലിക്കാ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ദൈവാലയങ്ങൾ അവശ്യവസ്തുവാണ് എന്നു തന്നെയായിരിക്കും ഭൂരിഭാഗം പേരുടേയും നിലപാട്. ഏതാണ് അവശ്യവസ്തു എന്നത് ഒരുപരിധിവരെ വ്യക്തിപരമാണ് എന്ന് സമ്മതിക്കാതെ നിർവ്വാഹമില്ല. ദൈവാലയങ്ങൾ തുറക്കുന്നതിൽ ഒരു റിസ്ക്കുണ്ട് എന്നത് സത്യമാണ്. ഈ റിസ്ക്ക് എല്ലാ മേഖലകളിലുമുണ്ട്. തുടർച്ചയായി യാത്രക്കാർ കയറിയിറങ്ങുന്ന ബസുകൾ തന്നെ ഉദാഹരണമാണ്. മറ്റേതൊരു പ്രവർത്തനരംഗവും പോലെ തന്നെ സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിച്ചാൽ തുറക്കുന്നതുകൊണ്ടുള്ള അപകടം ഒരു പരിധി വരെ ഒഴിവാക്കാം. എങ്കിലും പൂർണ്ണമായി അതൊഴിവാക്കാനും കഴിയില്ല.

നമ്മുടെ ദൈവലായങ്ങൾ ആരാധനക്കായി തുറക്കുമ്പോൾ എന്തുകൊണ്ടാണ് സർക്കാരുകൾ അതിന് അനുമതി നൽകിയത് എന്ന്

ചിന്തിക്കുന്നത് ഇക്കാര്യത്തിൽ പക്വമായ തീരുമാനങ്ങൾ എടുക്കാൻ നമ്മെ സഹായിക്കും. കൊറോണാ വൈറസിന്റെ ആക്രമണം കുറഞ്ഞതുകൊണ്ടല്ല അത് എന്ന് വ്യക്തമാണ്. കഴിഞ്ഞ ഒരാഴ്ച യിലേറെയായി വൈറസ് ബാധിച്ച് ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന രോഗികളുടെ എണ്ണം അതിന് തെളിവാണ്. ഓരോ ദിവസവും വൈറസ് ബാധിക്കുന്നവരുടെ എണ്ണം കൂടി വരികയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും രോഗബാധി തരായും അല്ലാതെയും എത്തുന്ന നമ്മുടെ പ്രവാസി സഹോദരങ്ങളുടെ എണ്ണം അനുദിനം കൂടിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ വൈറസ് ബാധ ഇനിയും കൂടാനാണ് സാധ്യത. അങ്ങനെയെങ്കിൽ അടച്ചിടൽ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതിലെ യുക്തി എന്താണ്?

ഇപ്പോഴത്തെ കണക്കനുസരിച്ച് ജൂലൈ മദ്ധ്യത്തോടെ വൈറസ് വ്യാപനം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുകയും സെപ്റ്റംബർ മാസത്തോടെ തോത് കുറയുകയും ചെയ്യും. ഈ കണക്കുക്കൂട്ടലി ലാകണം വിദ്യാഭ്യാസരംഗം പൂർണ്ണമായി തുറക്കുന്നത് സെപ്റ്റംബർ മാസത്തിലേക്ക് നീട്ടി വച്ചിരിക്കുന്നത്. എന്നാൽ അത്രയും കാലം എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും നിർത്തിവെക്കുന്നത് ആത്മഹത്യാപര മായിരിക്കും. അതിൽ നിന്നുണ്ടാകുന്ന വീഴ്ചയിൽ നിന്നും കരകയറുക നമ്മളെ പോലെയുള്ള ഒരു വികസ്വര രാജ്യത്തിന് അതീവ ദുഷ്കര മായിരിക്കും എന്ന തിരിച്ചറിവാണ് ഇത്തരം ഒരു തീരുമാനത്തിലേക്ക് സർക്കാരുകളെ പ്രേരിപ്പിക്കുന്നത്. അതായത് രോഗം കുറഞ്ഞതു കൊണ്ടല്ല, പ്രത്യുത ആ രോഗവുമായി സമരസപ്പെട്ട് ജീവിക്കാൻ പഠിക്കുക എന്ന തത്വമാണ് അതിന്റെ പിന്നിലുള്ളത്. സാവധാനം പ്രതിരോധമരുന്നുകളും ചികിത്സാസാധ്യതകളും സമൂഹ പ്രതിരോധ ശേഷിയും മെച്ചപ്പെടുന്നതോടെ വൈറസിന്റെ ആക്രമണം കുറയും. പക്ഷെ അതിന് ദീർഘസമയമെടുത്തേക്കാം.

സാമ്പത്തിക പ്രവർത്തനങ്ങൾ ജീവിക്കാൻ അത്യാവശ്യമാണെ ന്നതുപോലെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ് ആരാധനാലയങ്ങളിൽ പോയി ദൈവാനുഭവം നേടുക എന്നതും. അതവരെ മാനസികമായി ആരോഗ്യമുള്ളവരായി നിലനിർത്തുന്നതിനും ആവശ്യമാണ്. അല്ലാത്ത പക്ഷം കൗൺസിലിംഗ് സെന്ററുകളുടെ എണ്ണം കൂട്ടേണ്ടി വരുന്ന സ്ഥിതി വിശേഷത്തിലേക്ക് എത്തിയേക്കാം.

ആരാധനാലയങ്ങൾ നിർദ്ദേശങ്ങൾക്ക് വിധേയമായി തുറക്കാം എന്നേ സർക്കാർ പറഞ്ഞിട്ടുള്ളു. അതുകൊണ്ട് തുറക്കണം എന്ന്

നിർബന്ധമില്ല. ഓരോ സ്ഥലത്തും സാഹചര്യങ്ങൾ വ്യത്യസ്തമായതിനാൽ പ്രാദേശികമായ തീരുമാനങ്ങളാണ് എടുക്കേണ്ടത്. അതാത് ഇടവകകളിലെ വികാരിമാരും ഭരണസമിതിയംഗങ്ങളും കൂട്ടായി ചിന്തിച്ച് അക്കാര്യത്തിൽ തീരുമാനം എടുക്കണം. റെഡ് സോണുകളിലും കണ്ടയിൻമെന്റ് സോണുകളിലും ഇപ്പോൾ തുറക്കാൻ കഴിയില്ല.

ആരാധനക്കായി പള്ളികൾ തുറക്കാൻ തീരുമാനിക്കുന്നവർ പാലിക്കേണ്ട നിർദ്ദേശങ്ങളാണ് ഈ സർക്കുലറിന്റെ ഉള്ളടക്കം. ഇവ സർക്കാരിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാരുടെ യോഗത്തിൽ തീരുമാനിച്ചതിൻ പ്രകാരവുമാണ്.

പള്ളിയിൽ വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ട് അവിടെ വൈറസ് ബാധ ഉണ്ടാകുകയില്ല എന്നല്ല സർക്കാരും നമ്മളും പറയുന്നത്. പ്രത്യുത വൈറസ്ബാധ ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുകയും അതിനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ട് മുമ്പോട്ട് പോകുക എന്നതാണ്. അതിനുള്ള മാർഗ്ഗദർശനമായിട്ടാണ് സർക്കാരുകൾ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. അവ അക്ഷരം പ്രതി അനുസരിച്ച് വേണം നമ്മൾ പള്ളികൾ തുറക്കാനും ആരാധനാസംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യാനും.

ദൈവത്തെ പരീക്ഷിക്കുന്നത് നമുക്ക് കൂടുതൽ അപകടം ചെയ്യും. ദൈവാലയഗോപുരത്തിന്റെ മുകളിൽ കയറ്റി നിർത്തിയിട്ട് ഈശോയോട് താഴേക്ക് ചാടാനും അങ്ങനെ ചാടിയാൽ നീ ദൈവപുത്രനാണെങ്കിൽ നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ ദൈവം തന്റെ ദൂതന്മാർക്ക് കൽപ്പന നൽകും എന്നും പറഞ്ഞ പിശാചിന് അവിടുന്ന് കൊടുത്ത ഉത്തരം നമുക്കും ബാധകമാണ് (മത്തായി 4:5–7).

മേൽപ്പറഞ്ഞ ആമുഖത്തോടെ നമ്മുടെ പള്ളികൾ തുറന്ന് പ്രവർത്തിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു. അവ പൂർണ്ണമായും സാധ്യമാകുന്നിടത്ത് മാത്രമേ പള്ളികൾ തുറന്ന് പ്രവർത്തിക്കാൻ പാടുള്ളു. പള്ളിയിൽ വച്ച് നടത്തുന്ന വി. കുർബാന ഉൾപ്പെടെ എല്ലാ തിരുക്കർമ്മങ്ങൾക്കും പ്രാർത്ഥനകൾക്കും ഈ നിർദ്ദേശങ്ങൾ ബാധകമാണ്. പള്ളികൾ എന്ന നിർവചനത്തിൽ ഇടവകപ്പള്ളികളും കുരിശുപള്ളികളും എല്ലാം ഉൾപ്പെടുന്നു. എന്നാൽ ആശ്രമങ്ങൾ, മഠങ്ങൾ എന്നിവയുടെ ചാപ്പലുകൾ ഉൾപ്പെടുന്നില്ല. പുറമേ നിന്ന് ആളുകൾ അവിടുത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നില്ലെങ്കിൽ ഈ നിർദ്ദേശങ്ങളുടെ അരൂപി ഉൾക്കൊണ്ട് ആവശ്യമായ മുൻകരുതലുകൾ എടുത്താൽ മതിയാകുന്നതാണ്.

നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിൽ പള്ളികൾ തുറക്കുന്ന ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഭരണസമിതി അംഗങ്ങളും എല്ലാ ഇടവകക്കാരും താഴെപ്പറയുന്നവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. പള്ളിയിൽ വരുന്നവർ പാലിച്ചിരിക്കേണ്ട എല്ലാ നിർദ്ദേശങ്ങളും എഴുതിയ തുണികൊണ്ടുള്ള ബാനർ പള്ളിയുടെ ഇരുവശത്തും ആളുകൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിരിക്കണം. പള്ളിയിൽ വരുന്നവരെ അക്കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി കൊടുത്ത് പള്ളിക്കകത്തേക്ക് കൊണ്ടുപോകാൻ പുറത്ത് വോളണ്ടിയർമാരും ഉണ്ടായിരിക്കണം.
2. പള്ളികൾ തുറക്കുന്നതിനു മുമ്പായി അടിയന്തിര ഘട്ടങ്ങളിൽ ബന്ധപ്പെടാനുള്ള ആശുപത്രി, ഡോക്ടർ, ആംബുലൻസ് അല്ലെങ്കിൽ മറ്റ് വാഹനങ്ങളുടെ ഉടമകൾ, പ്രാദേശിക ആരോഗ്യപ്രവർത്തകർ, പോലീസ് എന്നിവരെ വിവരം അറിയിച്ചിരിക്കണം. അവരുടെ ഫോൺ നമ്പറുകളും പള്ളിയിൽ സൂക്ഷിച്ചിരിക്കണം.
3. അടിയന്തിര ഘട്ടത്തിൽ ബന്ധപ്പെടാൻ പള്ളിയിൽ നിന്ന് ഏതാനും പേരെ വോളണ്ടിയർമാരിൽ നിന്ന് നിർണ്ണയിച്ചിരിക്കണം. അവുടെ ഫോൺ നമ്പറും ബാനറിൽ പ്രദർശിപ്പിച്ചിരിക്കണം.
4. ആദ്യമായി പള്ളി തുറന്ന് തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നതിന് മുമ്പും പിന്നീട് ഓരോ തിരുക്കർമ്മത്തിന് ശേഷവും പള്ളിയകത്ത് അണുനശീകരണം നടത്തേണ്ടതാണ്. അതുപോലെ തന്നെ ആളുകൾ സ്പർശിക്കുന്ന വാതിൽ പിടികൾ, റെയിലുകൾ തുടങ്ങിയ സ്ഥലങ്ങൾ കൂടെക്കൂടെ അണുവിമുക്തമാക്കണം.
5. 100 ചതുരശ്ര മീറ്ററിൽ (1076 സ്ക്വയർ അടി) 15 പേർ എന്ന കണക്കിലാണ് ആളുകളെ പ്രവേശിപ്പിക്കാവുന്നത്. ആ കണക്കനുസരിച്ച് ഒരാൾക്ക് ഏതാണ്ട് 6.5 സ്ക്വയർ അടി സ്ഥലം ഉണ്ടായിരിക്കണം. പള്ളിയുടെ വലുപ്പമനുസരിച്ച് കൂടുതൽ ആളുകൾക്ക് പ്രവേശനം നൽകാം. എന്നാൽ എത്ര വലിയ പള്ളിയായാലും പരമാവധി 100 ആളുകളെ മാത്രമേ ഒരേ സമയം പ്രവേശിപ്പിക്കാവൂ. അതിനാൽ ആദ്യമായി പള്ളിയുടെ വിസ്തീർണ്ണം അളന്ന് അതിൽ ഒരേ സമയം എത്ര പേരെ ഉൾക്കൊള്ളിക്കാം എന്ന് തീരുമാനിക്കണം.

6. അത്രയും പേർക്ക് സാമൂഹ്യ അകലം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 6.5 സ്ക്വയർ അടി വീതം അളന്ന് ഓരോരുത്തർക്കും നിൽക്കാനുള്ള സ്ഥലം പ്രത്യേകമായി അടയാളപ്പെടുത്തുക.

7. പ്രത്യേകമായി ഇരിപ്പിടം ആവശ്യമുള്ളവർക്കായി കസേര, ബഞ്ച്, തുടങ്ങിയ സംവിധാനങ്ങൾ അതേ രീതിയിൽ സാമൂഹ്യ അകലം പാലിച്ച് ക്രമീകരിക്കുക.

8. പള്ളിയിൽ വരുന്നവരുടെ ചെരുപ്പുകൾ, വാഹനത്തിൽ വരുന്നവരുടേത് വാഹനത്തിൽ തന്നെ സൂക്ഷിക്കണം. അല്ലാത്തവരുടേത് പരസ്പരം സ്പർശിക്കാത്ത വിധത്തിൽ പുറത്ത് വയ്ക്കാൻ ക്രമീകരണം ഉണ്ടായിരിക്കണം.

9. അകത്ത് കയറുന്നതിന് മുമ്പായി കൈകൾ കഴുകി വൃത്തിയാക്കാനുള്ള വെള്ളം, ദ്രവരൂപത്തിലുള്ള സോപ്പ്, കൈ തുടക്കാനുള്ള പേപ്പർ ടൗവ്വൽ എന്നിവയും സാനിറ്റൈസറും ക്രമീകരിച്ചിരിക്കണം.

10. സോപ്പും സൈനിറ്ററൈസറും പലർ സ്പർശിക്കുന്നത് ഒഴിവാക്കാൻ മറ്റാരെങ്കിലും ഒഴിച്ചു കൊടുക്കുകയോ അല്ലെങ്കിൽ ഓട്ടോമാറ്റിക് സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യണം.

11. അകത്തേക്ക് പ്രവേശിക്കുന്നതിന് മുമ്പായി വരുന്നവരുടെ ഓരോരുത്തരുടെയും ഊഷ്മാവ് അളന്ന് അനുവദിക്കപ്പെട്ടതിൽ അധികമുണ്ടെങ്കിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയണം.

12. ഊഷ്മാവ് അളക്കുന്നതിനുള്ള ഉപകരണം ആവശ്യമുള്ളവർ മാനന്തവാടി സെന്റ് ജോസഫ് ആശുപത്രിയുടെ ഡയറക്ടറെ സമീപിച്ചാൽ വിലക്കുറവിൽ ഏർപ്പാടാക്കി തരുന്നതാണ്.

13. പള്ളിയിൽ വരുന്നവർ 10 വയസ്സിന് മുകളിലുള്ളവരും 65 വയസ്സിന് താഴെയുള്ളവരും മാത്രം ആണെന്ന് ഉറപ്പുവരുത്തണം. 65 വയസ്സിന് മുകളിൽ പ്രായമുള്ള ബഹു. വൈദികർ പൊതു ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കാൻ സർക്കാർ അനുവദിക്കുന്നില്ല. അക്കാര്യത്തിന് അവർ മറ്റാരുടെയെങ്കിലും സഹായം തേടേണ്ടതാണ്.

14. വിദേശത്തു നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിയവരും അവരോടൊപ്പം ഒരേ വീട്ടിൽ താമസിക്കുന്ന മറ്റുള്ളവരും അവർ തിരിച്ചെത്തി ഒരു മാസത്തേക്ക് പള്ളിയിൽ വരാതിരിക്കാൻ ശ്രദ്ധിക്കണം.

15. ഗർഭിണികൾ, ഏതെങ്കിലും രോഗലക്ഷണം ഉള്ളവർ എന്നിവരെ പ്രവേശിപ്പിക്കാൻ പാടില്ല.

16. അകത്ത് പ്രവേശിക്കുന്നവർ മദ്ബഹായുടെ മുൻഭാഗത്ത് തുടങ്ങി പ്രവേശിക്കുന്ന ക്രമത്തിൽ വരിയായി നിൽക്കണം. പ്രത്യേകമായി ഇരിപ്പിടം ആവശ്യമുള്ളവരെ അതിനായി നിയോഗിക്കപ്പെട്ട വോളണ്ടിയർമാർ ആ സ്ഥലത്തേക്ക് നയിക്കണം.

17. അകത്ത് പ്രവേശിക്കുന്നതിനും പുറത്തേക്ക് പോകുന്നതിനും വ്യത്യസ്ത വാതിലുകൾ ഉപയോഗിക്കണം. സ്ത്രീകളും പുരുഷന്മാരും ഇരുവശത്തുമുള്ള വാതിലുകളിലൂടെ പ്രവേശിച്ച് ആനവാതിലിലൂടെ ഇറങ്ങി പോകുന്നതാകും ഉത്തമം. പുറത്തേക്ക് പോകുമ്പോൾ ആവശ്യമായ സാമൂഹ്യ അകലം പാലിച്ചിരിക്കണം. കുട്ടികൾ വേദപാഠം കഴിഞ്ഞ് വരിയായി മുമ്പിൽ നിന്നു ഇറങ്ങി പോകുന്ന രീതി മാതൃകയാക്കാം.

18. അകത്ത് പ്രവേശിപ്പിക്കുന്നതിനു മുമ്പായി വരുന്നവരുടെ പേര്, വീട്ടുപേര്, വയസ്സ്, മൊബൈൽ നമ്പർ എന്നിവ എഴുതി യെടുക്കേണ്ടതാണ്. അതിനായി പല രീതികൾ അവലംബിക്കാം. 1). ഓരോ ദിവസവും ഏതാനും കുടുംബ യൂണിറ്റുകൾക്കായി വീതിക്കുകയും ആ യൂണിറ്റുകളിൽ നിന്ന് വരുന്നവരുടെ പേരുകൾ തലേദിവസം തന്നെ എഴുതി യൂണിറ്റ് പ്രസിഡണ്ടുമാർ വശം പള്ളിയിൽ എത്തിക്കുകയും അവർ മാത്രമാണ് വരുന്നതെന്ന് ഉറപ്പാക്കാൻ പള്ളിയിൽ ആളെ ഏർപ്പെടുത്തുകയും ചെയ്യുക. 2). പള്ളിയുടെ രണ്ട് വശങ്ങളിലുമായി നിയുക്തരായ രണ്ട് പേർ വരുന്നവരുടെ വിവരങ്ങൾ എഴുതിയെടുക്കുക. പള്ളിയുടെ വലുപ്പ മനുസരിച്ച് എത്ര പേർക്കാണോ പ്രവേശിക്കാവുന്നത് അത്രയും പേർ വന്നു കഴിയുമ്പോൾ പിന്നീട് വരുന്നവരെ തിരിച്ചയക്കുക. 3). ഓരോ വീട്ടിൽ നിന്നും വരുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി പങ്കെടുക്കുന്ന ദിവസം, തീയതി, സമയം എന്നിവയോടു കൂടെ ഒരാൾ കൊണ്ടുവന്ന് പ്രത്യേകം തയ്യാറാക്കി വച്ചിട്ടുള്ള പാത്രത്തിൽ നിക്ഷേപിക്കുക. ലിസ്റ്റിലുള്ളവർ തന്നെയാണ് വന്നിരിക്കുന്നത് എന്ന് ഉറപ്പാക്കി യിരിക്കണം. എന്തിനാണ് പേരുവിവരങ്ങൾ എഴുതിയെടുക്കുന്നത് എന്ന് നമുക്ക് ന്യായമായും സംശയം തോന്നാം. പള്ളിയിൽ വരുന്ന ആർക്കെങ്കിലും പിന്നീട് വൈറസ് ബാധ സ്ഥിരീകരിച്ചാൽ അന്ന് ആ വ്യക്തിയോടൊപ്പം പള്ളിയിൽ ഉണ്ടായിരുന്നവരെ കണ്ടെത്തി വേണ്ട പ്രതിരോധ നടപടികൾ സ്വീകരിക്കാൻ വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്.

19. പള്ളിയിൽ വരുന്നവർ സ്വയം പേരെഴുതുന്ന രീതിയും ഒരേ പേന തന്നെ പലർ ഉപയോഗിക്കുന്ന രീതിയും അനുവദനീയമല്ല.

20. കൂടുതൽ പേർ വി. കുർബാനയ്ക്ക് എത്തുകയാണെങ്കിൽ ഇടദിവസങ്ങളിൽ രണ്ട് കുർബാനയും ഞായറാഴ്ച ദിവസങ്ങളിലും മറ്റ് പ്രധാനപ്പെട്ട ദിവസങ്ങളിലും മൂന്ന് കുർബാനയും അർപ്പിക്കാൻ എല്ലാ വൈദികർക്കും അനുവാദമുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ എണ്ണത്തിൽ മാറ്റം വരുത്താവുന്നതാണ്.

21. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും വി. കുർബാനയിൽ പങ്കെടുക്കുന്നതിനുള്ള കടമ ഒഴിവാക്കിയിരിക്കുന്നു. സാധിക്കുന്ന ദിവസങ്ങളിൽ അപ്രകാരം ചെയ്താൽ മതിയാകുന്നതാണ്.

22. സന്നദ്ധസേവകരും കാർമ്മികരും ശുശ്രൂഷികളും ഉൾപ്പെടെ പള്ളിയിൽ വരുന്ന എല്ലാവരും തിരുക്കർമ്മങ്ങളുടെ സമയത്തും അല്ലാത്തപ്പോഴും മാസ്ക് ധരിച്ചിരിക്കണം.

23. പള്ളിയിൽ വരുന്നവർ തുമ്മുക, ചുമക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുമ്പോൾ വായ് തൂവാല ഉപയോഗിച്ച് മൂടേണ്ടതാണ്.

24. തിരുക്കർമ്മങ്ങൾക്കിടയിൽ ഗീതങ്ങൾ ആലപിക്കുന്നവർ ആവശ്യമായ സാമൂഹ്യ അകലം പാലിച്ചിരിക്കണം. ഗാനസംഘം, ഒന്നിലധികം ഉപകരണങ്ങൾ എന്നിവ അനുവദനീയമല്ല.

25. പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന തിരുസ്വരൂപങ്ങൾ മറ്റ് വിശുദ്ധ വസ്തുക്കൾ അവിടെയുള്ള പുസ്തകങ്ങൾ എന്നിവയിൽ സ്പർശിക്കുകയോ ചുംബിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

26. പള്ളിയിൽ ഒരിടത്തും പൊതു ഉപയോഗത്തിനായി ഹന്നാൻ വെള്ളം സൂക്ഷിക്കേണ്ടതില്ല.

27. വിവാഹത്തിന് 50 പേർ, മൃതസംസ്കാരം, മാമ്മോദീസാ തുടങ്ങിയ തിരുക്കർമ്മങ്ങൾക്ക് യഥാക്രമം 20 പേർ എന്നീ ക്രമത്തിൽ മാത്രമേ ആളുകൾ പങ്കെടുക്കാൻ പാടുള്ളു.

28. കുടുംബക്കൂട്ടായ്മാ സമ്മേളനങ്ങൾ, സംഘടനകളുടെ സമ്മേളനങ്ങൾ, പൊതുയോഗം, പ്രതിനിധിയോഗം തുടങ്ങിയവ ഇപ്പോൾ നടത്തേണ്ടതില്ല.

29. വ്യക്തിഗത കുമ്പസാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള സാമൂഹ്യ അകലം പാലിച്ചും മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചും വേണ്ടവർക്ക് നിർവ്വഹിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദികർ ആവശ്യമായ ജാഗ്രത പുലർത്തണം.

30. വിശുദ്ധ കുർബാന സ്വീകരണ സംബന്ധമായ കാര്യങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാരിൽ നിന്ന് ലഭിക്കുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അദ്ദേഹത്തെ സമീപിച്ച് ഇക്കാര്യത്തിൽ ആവശ്യമായ വ്യക്തത വരുത്തേണ്ടതാണ്.
31. വി. മൂറോൻ കൊണ്ടുള്ള ലേപനം ആവശ്യമായ മാമ്മോദീസാ പോലുള്ള കൂദാശകളിൽ ജ്ഞാനസ്നാനാർത്ഥിയെ കൈകൊണ്ട് ലേപനം ചെയ്യാൻ പാടില്ല. പകരം ഈയർ ബഡ് (Ear Bud) പോലെയുള്ള ഒരു ചെറിയ ഉപകരണം തയ്യാറാക്കി അത് മൂറോനിൽ മുക്കി അർത്ഥിയെ ലേപനം ചെയ്യാവുന്നതാണ്.
32. പൊതുസ്ഥലമായ പള്ളിപ്പരിസരത്ത് ആളുകൾ തുപ്പുന്നത് കർശനമായി നിരോധിക്കേണ്ടതാണ്.
33. പള്ളിയിലും പള്ളിപ്പരിസരത്തും യാതൊരു കാരണവശാലും ആളുകൾ കൂട്ടം കൂടി നിൽക്കാൻ പാടുള്ളതല്ല. പള്ളിമുറിയിലും ഇത് ബാധകമാണ്.
34. സർക്കാർ നിയന്ത്രണങ്ങൾ പള്ളിയിൽ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ പ്രത്യേക വോളണ്ടിയർമാരെ നിയോഗിക്കേണ്ടതാണ്.
35. ഇനിയൊറിയിപ്പ് ഉണ്ടാകുന്നതുവരെ ഈ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ ഉണ്ടായിരിക്കും.

**ഏതാനും ചില പൊതു നിർദ്ദേശങ്ങളും ഏവരുടേയും അറിവിലേക്ക് താഴെക്കൊടുക്കുന്നു**

1. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലം മാറ്റം ഈ മാസം 28 നാണ് നിശ്ചയിച്ചിരിക്കുന്നത്. എങ്കിലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അന്ന് ഉത്തരവാദിത്വം ഏറ്റെടുക്കാൻ പറ്റാതെ വന്നാൽ അക്കാര്യം യഥാസമയം രൂപതാ കേന്ദ്രത്തിൽ അറിയിച്ച് പത്തേന്തിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കേണ്ടതാണ്. അതുപോലെ തന്നെ ചെല്ലേണ്ട സ്ഥലത്തെ ബഹുമാനപ്പെട്ട വികാരി അഥവാ ഡയറക്ടറുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും വേണം.
2. ഇതുവരെ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് നടത്താൻ പറ്റാത്ത ഇടവകകളിൽ നടപ്പ് വർഷത്തെ കൈക്കാരന്മാർ തന്നെ തുടർന്നാൽ മതിയാകുന്നതാണ്. ആർക്കെങ്കിലും തുടരാൻ സാധിക്കാത്ത പക്ഷം പുതിയൊരാളെ തെരഞ്ഞെടുക്കുകയോ അല്ലെങ്കിൽ ഉള്ളവരെ വച്ച് വർഷം പൂർത്തിയാക്കുകയോ ചെയ്യാം.

3. പ്രതിനിധി യോഗവും പൊതുയോഗവും ഒന്നും നടത്താൻ പറ്റാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകൾ തങ്ങളുടെ അറിവിൽ പെട്ടിടത്തോളം അവ കൃത്യമാണെന്ന് പറഞ്ഞുകൊണ്ടുള്ള ബഹുമാനപ്പെട്ട വികാരിയുടെയും കൈക്കാരന്മാരുടെയും സത്യവാങ്മൂലത്തോടെ രൂപതാ കേന്ദ്രത്തിലേക്ക് അയച്ചാൽ മതിയാകുന്നതാണ്.

4. വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺ ലൈനായി ആരംഭിച്ചു കഴിഞ്ഞു. അതേപ്പറ്റിയുള്ള അറിയിപ്പുകൾ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഡയറക്ടറിൽ നിന്ന് യഥാസമയം ലഭിക്കുന്നതാണ്. ക്ലാസ്സുകൾ ശരിയായി നടക്കണമെങ്കിൽ മാതാപിതാക്കൾ കാര്യമായി ശ്രദ്ധിക്കണം എന്ന് പറയേണ്ടതില്ലല്ലോ.

നമ്മെ ഓരോരുത്തരെയും നമ്മുടെ രൂപതയെയും ലോകം മുഴുവനേയും രൂപതയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശ്വാസത്തിൽ നമ്മുടെ പിതാവായ വി. തോമ്മാശ്ലീഹായുടെയും സാംക്രമിക രോഗങ്ങളിൽ നമ്മുടെ മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെയും മാദ്ധ്യസ്ഥത്തിന് ഭരമേൽപ്പിക്കാം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കര്യാലയത്തിൽ നിന്ന് 2020 ജൂൺ 8 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

Prot. No. 23347/2020

# Intimation of Decree of Declericalisation

Taking into consideration the seriously sinful and criminal act of sexual abuse committed against a minor girl in violation of the relevant divine commandments and the ecclesiastical laws by Mathew alias Robin Vadakkencherril, erstwhile member of the diocesan clergy of Mananthavady, and after having verified the disciplinary actions taken against him by the bishop of the eparchy of Mananthavady, and having been convinced of the verdict of the court of the country that found the accused guilty of the said crime and punished him with sixty years of imprisonment, the Roman Pontiff, Pope Francis, by a decree of the Congregation for the Doctrine of Faith, bearing protocol number 155/2017 dated 5th December 2019 has made the said Mathew alias Robin Vadakkencherril a non-cleric taking away from him all his clerical rights, privileges, duties and responsibilities including that of celibacy. The decision of the Roman Pontiff has already been intimated to him and he has accepted and acknowledged it in writing on 4th February 2020. Therefore, it is hereby intimated to all concerned that he is not to be considered a cleric anymore and shall not be permitted to exercise any of the faculties of those in clerical status anywhere inside or outside the eparchy.

Issued from the office of the bishop of the eparchy of Mananthavady on 4th February 2020.

**Fr Chacko Pullankunnel**
Chancellor

**Bishop Jose Porunnedom**
Bishop of Mananthavady

## പുരോഹിതൻ: വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ശുശ്രൂഷകൻ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: യാക്കോബ് 2,1-26)**

യാക്കോബ് ശ്ലീഹായുടെ ലേഖനം രണ്ടാമദ്ധ്യായം മുതൽ വിശ്വാസജീവിതത്തിന്റെ പ്രായോഗികമാനങ്ങളാണ് അവതരിപ്പിക്കപ്പെടുന്നത്. രണ്ടാമദ്ധ്യായം പ്രത്യേകമായി എടുത്തുകാണിക്കുന്നത് വിശ്വാസജീവിതം അവശ്യം സ്നേഹജീവിതമാണെന്നുള്ളതാണ്. ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം.

1. പക്ഷപാതം കാണിക്കാത്ത സ്നേഹം (2,1-4)
2. സ്നേഹത്തിന്റെ രാജകീയനിയമം പാലിക്കുക (2,5-9)
3. നിയമം മുഴുവനായി പാലിക്കുക (2,10-13)
4. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവം (2,14-20)
5. നീതീകരണം വിശ്വാസത്തിലൂടെയും പ്രവൃത്തികളിലൂടെയും (2,21-26)

പുരോഹിതൻ തന്റെ അജപാലനസ്നേഹവും ശുശ്രൂഷയും എപ്രകാരം പ്രായോഗികമാക്കണം എന്നു ചിന്തിക്കുവാൻ ഈ വചനഭാഗം ഉപകരിക്കും.

### 1. പക്ഷപാതം കാണിക്കാത്ത സ്നേഹം

*"എന്റെ സഹോദരരേ മഹത്ത്വപൂർണ്ണനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്"* (2,1).

ഈശോമിശിഹായിലുള്ള വിശ്വാസവും മുഖംനോക്കിയുള്ള വിവേചനാപൂർവമായ പെരുമാറ്റവും ചേർന്നുപോവുകയില്ല എന്ന് യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നു. തിരിച്ചുവ്യത്യാസം കാണിക്കാത്ത ദൈവത്തിലാണു നാം വിശ്വസിക്കുന്നത്. ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ പിതാവിനു പക്ഷപാതമില്ല (മത്താ 5,45). 'ദൈവം പക്ഷപാതം കാട്ടുന്നില്ലെന്നു സത്യമായും ഞാൻ മനസ്സിലാക്കുന്നു' (ശ്ലീഹ 10,34) എന്നു പത്രോസ് ശ്ലീഹായും, 'അവിടുത്തേക്കു മുഖംനോട്ടമില്ല' (റോമാ 2,11) എന്നു പൗലോസ്ശ്ലീഹായും സാക്ഷിക്കുന്നുണ്ട്. ഈ ദൈവികസവിശേഷത അവിടുത്തെ പുത്രനിൽ വിശ്വസിക്കുന്നവരും അനുവർത്തിക്കണമെന്നാണ് യാക്കോബ്ശ്ലീഹാ ഉപദേശിക്കുന്നത്. അപ്പം മുറിക്കാനായി സമ്മേളിച്ചിരുന്ന സഭാംഗങ്ങളിൽപോലും ഇപ്രകാരമുള്ള തിരിച്ചുവ്യത്യാസമുണ്ടായിരുന്നു എന്നുവേണം ഈ പരാമർശത്തിൽനിന്നു നമ്മൾ അനുമാനിക്കുവാൻ.

ദൈവമക്കളുടെ സമൂഹമായ, കുടുംബമായ, സഭാംഗങ്ങൾക്ക് ഇത് ഒരുവിധത്തിലും അനുയോജ്യമല്ല. അവർ സഹോദരതുല്യം എല്ലാവരെയും ഒരുപോലെ പരിഗണിക്കുന്നവരും സ്നേഹകൂട്ടായ്മയിൽ ജീവിക്കേണ്ടവരുമാണ്. പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ ലക്ഷ്യമായി സഭ എടുത്തുകാണിക്കുന്നതും സഭാസമൂഹത്തെ ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്. അതുകൊണ്ടു പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. പക്ഷപാതംകൂടാതെ എല്ലാവരെയും സ്നേഹിക്കുകയും, അപ്രകാരം പരസ്പരം സ്നേഹിക്കുവാൻ വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യണം.

**2. ദരിദ്രരോടുള്ള സ്നേഹം**

*"എന്റെ പ്രിയ സഹോദരരേ ശ്രവിക്കുവിൻ. തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തിരഞ്ഞെടുത്തത് ലോകത്തിലെ പാവപ്പെട്ടവരെയല്ലേ? എന്നാൽ, നിങ്ങൾ പാവപ്പെട്ടവനെ അവമാനിച്ചിരിക്കുന്നു. നിങ്ങളെ പീഡിപ്പിക്കുന്നതു സമ്പന്നരല്ലേ? നിങ്ങളെ ന്യായാസനങ്ങളുടെ മുമ്പിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകുന്നത് അവരല്ലേ? ... നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന വിശുദ്ധലിഖിതത്തിലെ രാജകീയനിയമം നിങ്ങൾ യഥാർത്ഥത്തിൽ അനുസരിക്കുന്നെങ്കിൽ ഉത്തമമായി പ്രവർത്തിക്കുന്നു"* (2,5-6.8).

പക്ഷപാതം കാണിക്കുന്നവർ ദരിദ്രരെ അവഗണിക്കുന്നു. അത് ഒരിക്കലും പാടില്ല. കാരണം, ദരിദ്രരെയാണ് വിശ്വാസത്തിൽ സമ്പന്നരും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ദൈവരാജ്യത്തിന് അവകാശികളുമാകാൻ അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്നത്. "ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്നാണല്ലോ ഈശോ തന്റെ പരസ്യജീവിതാരംഭത്തിൽ പ്രഖ്യാപിച്ചത് (ലൂക്കാ 4,18). അതുപോലെതന്നെ "അവൻ തന്റെ ശിഷ്യരുടെനേരെ കണ്ണുകളുയർത്തി അരുളിച്ചെയ്തു: ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ; ദൈവരാജ്യം നിങ്ങളുടേതാണ്" (ലൂക്കാ 6,20). ഇപ്രകാരം ദൈവം തിരഞ്ഞെടുത്തവരെ അവഗണിക്കുന്നതിനു തുല്യമാണ് പക്ഷപാതം കാണിക്കുന്നത്. പഴയനിയമത്തിൽ ലേവ്യരുടെ പുസ്തകത്തിൽ ആരോടും പ്രത്യേക പരിഗണന കാണിക്കാതിരിക്കാനുള്ള കല്പനയും അയൽക്കാരനെ സ്നേഹിക്കാനുള്ള കല്പനയും അടുത്തടുത്താണ് നല്കിയിരിക്കുന്നത് (ലേവ്യ 19,15-18)

പരസ്പരസ്നേഹത്തിന്റെ കല്പനയാണല്ലോ സഭാസമൂഹത്തിന്റെ മുഖമുദ്രയായി ഈശോ നല്കിയിരിക്കുന്നത്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹി

ക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34-35). പഴയനിയമത്തിൽ "അയൽക്കാരനെ സ്നേഹിക്കുക" എന്നായിരുന്നത് പുതിയനിയമത്തിൽ "പരസ്പരം സ്നേഹിക്കുക" എന്നാക്കിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. സഭാസമൂഹത്തിൽ പ്രായോഗികമാക്കേണ്ട സ്നേഹമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. മാത്രമല്ല, ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഈശോ തിരിച്ചുവ്യത്യാസമില്ലാതെ എല്ലാ മനുഷ്യരെയും സ്നേഹിച്ചു. അതുപോലെ നമ്മുടെ സ്നേഹവും പക്ഷപാതമില്ലാത്തതായിരിക്കണം എന്നാണ് യാക്കോബ്ശ്ലീഹാ ഇവിടെ എടുത്തുപറയുന്നത്. ഇപ്രകാരം സ്നേഹിക്കുവാൻ സഭാംഗങ്ങളായ 'ദൈവത്തിന്റെ ദരിദ്രരെ' പരിശീലിപ്പിക്കുവാനുള്ള ശുശ്രൂഷയാണ് പുരോഹിതശുശ്രൂഷ. അതുകൊണ്ട് പരിശീലകനായ പുരോഹിതനും ഇപ്രകാരം 'ദൈവത്തിന്റെ ദരിദ്രരായ' ഇടവകജനങ്ങളെ മുഴുവൻ സ്നേഹിക്കുന്നവനാകണം.

**3. സ്വാതന്ത്ര്യത്തിന്റെ നിയമമാകുന്ന സ്നേഹം**

*"സ്വാതന്ത്ര്യത്തിന്റെ നിയമമനുസരിച്ചു വിധിക്കപ്പെടാനുള്ളവരെപ്പോലെ നിങ്ങൾ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ. കാരുണ്യം കാണിക്കാത്തവന്റെമേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. എങ്കിലും കാരുണ്യം വിധിയുടെമേൽ വിജയംവരിക്കുന്നു."* (2,12-13).

അന്ത്യവിധിയെക്കുറിച്ചുള്ള ചിന്തയായിരിക്കണം ക്രൈസ്തവന്റെ പ്രവർത്തനങ്ങൾക്കെല്ലാം അടിസ്ഥാനം. അതുകൊണ്ടാണ്, "സ്വാതന്ത്ര്യത്തിന്റെ നിയമം അനുസരിച്ച് വിധിക്കപ്പെടാനുള്ളവരെപ്പോലെ നിങ്ങൾ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ'' എന്ന് യാക്കോബ്ശ്ലീഹാ എഴുതുന്നത്. കാരുണ്യം കാണിക്കുകയാണ് ദൈവത്തിന്റെ കരുണ ലഭിക്കാനുള്ള മാർഗ്ഗം. കാരണം, കാരുണ്യം വിധിയുടെമേൽ വിജയം വരിക്കുന്നു. അന്ത്യവിധിയുടെ മാനദണ്ഡമായി ഈശോ എടുത്തുകാണിക്കുന്നത് കരുണയുള്ള സ്നേഹമാണല്ലോ. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25,40). അതുകൊണ്ട് ക്രൈസ്തവന്റെ ജീവിതലക്ഷ്യമായ സ്വർഗ്ഗം അവകാശപ്പെടുത്തുവാനുള്ള ഏകമാർഗ്ഗം കരുണയുള്ള സ്നേഹമാണ്.

ഈ കരുണയുള്ള സ്നേഹത്തെ യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് 'സ്വാതന്ത്ര്യത്തിന്റെ നിയമ'മെന്നാണ്. സ്വാതന്ത്ര്യത്തിന്റെ നിയമത്തെപ്പറ്റി വി. പൗലോസ്ശ്ലീഹാ എടുത്തുപറയുന്നുണ്ട്. പരസ്പരസ്നേഹത്തിന്റെ നിയമത്തെയാണ് 'സ്വാതന്ത്ര്യത്തിന്റെ നിയമ'മെന്ന് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്: "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ. എന്തെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേ കല്പനയിൽ നിയമം മുഴുവനും അടങ്ങിയിരിക്കുന്നു" (ഗലാ 5,13-14). ദൈവമക്കൾക്കടുത്ത സാഹോദര്യത്തിൽ പരസ്പരം സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്രിസ്തീയ സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യത്തിന്റെ നിയമമാകുന്ന പരസ്പരസ്നേഹവും ശുശ്രൂഷയും നിർവഹിക്കുന്നവരായിത്തീരുവാൻ പുരോഹിതരായ നാം പരിശ്രമിക്കണം; നമ്മുടെ ശുശ്രൂഷയ്ക്കായി ലഭിക്കുന്ന സഭാമക്കളെ അപ്രകാരം പരസ്പരസ്നേഹശുശ്രൂഷ നിർവഹിക്കുവാൻ പരിശീലിപ്പിക്കുകയും ചെയ്യണം.

**4. പ്രവൃത്തികളിൽ പ്രായോഗികമാകുന്ന വിശ്വാസം**

*"എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾ* കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്" (2,14-17).

അനുദിനജീവിതത്തിൽ പ്രതിഫലിക്കാത്ത വിശ്വാസം ജീവനില്ലാത്തതാണ്. ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു ഭക്ഷണമോ വസ്ത്രമോ ഇല്ലാതെ കഴിയുമ്പോൾ ശരീരത്തിനാവശ്യമായതു നല്കാതെ എന്തു പുണ്യം പ്രസംഗിച്ചാലും ഫലമൊന്നുമില്ല. വിശ്വാസമുണ്ടെന്നു പറയുകയും അതിനനുസൃതമായ പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവരുടെ വിശ്വാസം യഥാർത്ഥ വിശ്വാസമല്ല. ശരീരത്തിനു ജീവനെന്നതുപോലെയാണ് വിശ്വാസത്തിനു പ്രവൃത്തി. വിശ്വാസത്തിൽനിന്നുയിർക്കൊള്ളുന്ന പ്രവൃത്തികളാണ് ഒരുവനെ രക്ഷയ്ക്കർഹനാക്കുന്നത് എന്ന യാക്കോബ്ശ്ലീഹാ അബ്രാഹത്തിന്റെയും റാഹാബി

ന്റെയും ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് സ്ഥിരീകരിക്കുന്നു (2,21-25). സ്വഭാവത്തെയും മനോഭാവങ്ങളെയും പ്രവർത്തനരീതികളെയും സ്വാധീനിക്കാത്ത വിശ്വാസം ആ പേരിനുതന്നെ ഉതകുന്നതല്ല. അത്തരത്തിലുള്ള വിശ്വാസം പിശാചുക്കൾക്കുപോലുമുണ്ടെന്ന് യാക്കോബ്ശ്ലീഹാ പറയുന്നു (2,19).

ഇന്ന് സഭാംഗങ്ങളിൽ പലരിലും പ്രവൃത്തികളിൽ പ്രതിഫലിക്കാത്ത വിശ്വാസമാണ് കാണപ്പെടുന്നത്. മതപരമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിനില്ക്കുന്ന ഒരു വിശ്വാസമാണ് പലപ്പോഴും കാണപ്പെടുന്നത്. അവയൊക്കെ ചെയ്യുന്നതുതന്നെ ഈ ലോകത്തിലെ ആവശ്യങ്ങൾ സാധിക്കുന്നതിനുള്ള ഉപാധികളായി മാത്രം കണ്ടുകൊണ്ടുമാണ്. സഭ വെറുമൊരു മതമല്ല, പ്രത്യുത പിതാവായ ദൈവത്തിന്റെ മക്കളുടെ ഒരു കുടുംബമാണ് എന്ന വസ്തുത വിസ്മരിക്കപ്പെടുന്നു. സ്വർഗ്ഗീയപിതാവിന്റെ മക്കൾക്കടുത്ത പിതൃപുത്രബന്ധത്തിലും സാഹോദര്യത്തിലും നവീകരിക്കപ്പെടുന്നതിനുള്ള ഉപാധികളായി സഭാജീവിതത്തിലുള്ള പരിശുദ്ധ കുർബാനയും കൂദാശകളും പ്രാർത്ഥനകളുമൊക്കെ കാണുവാൻ പലർക്കും കഴിയാതെ പോകുന്നു. അതുകൊണ്ട് ആ വിധത്തിലുള്ള ഒരു വിശ്വാസപരിശീലനം നല്കുവാൻ സഭാശുശ്രൂഷകരായ പുരോഹിതർക്കു കഴിയണം. അപ്രകാരം അനുദിനജീവിതത്തിൽ പ്രാവർത്തികമാകുന്ന വിശ്വാസം ജീവിക്കുന്നവരുടെ സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാശുശ്രൂഷകർക്കു കഴിയണം. അപ്രകാരം ജീവിക്കുവാൻ സഭാംഗങ്ങൾക്കും കഴിയേണ്ടിരിക്കുന്നു.

**5. വിശുദ്ധീകരണത്തിനുതകുന്ന വിശ്വാസം**

"നമ്മുടെ പിതാവായ അബ്രാഹം നീതീകരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിൻമേൽ ബലിയർപ്പിച്ചതു വഴിയല്ലേ? അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളെ സഹായിച്ചുവെന്നും വിശ്വാസം പ്രവൃത്തികളാൽ പൂർണമാക്കപ്പെട്ടുവെന്നും നിങ്ങൾ അറിയുന്നുവല്ലോ. അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി പരിഗണിക്കപ്പെട്ടു എന്ന തിരുവെഴുത്തു നിറവേറി. അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും ചെയ്തു. മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല പ്രവൃത്തികളാലുമാണു നീതികരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു" (2,21-24).

അബ്രാഹം നീതീകരിക്കപ്പെട്ടത് അഥവാ വിശുദ്ധീകരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ ബലിയർപ്പിക്കാൻ തയ്യാറായ പ്രവൃത്തിവഴിയാണ് (ഉല്പ 22,1-14). ഇപ്രകാരം പ്രവർത്തിക്കാൻ അബ്രാഹത്തെ ശക്തനാക്കിയത് അദ്ദേഹത്തിനു ദൈവത്തിലു

ണ്ടായിരുന്ന വിശ്വാസമാണ്. തന്നെ തിരഞ്ഞെടുത്തു വിളിച്ച ദൈവം വിശ്വസ്തനാണെന്ന ഉറച്ച ബോദ്ധ്യവും, തനിക്കുള്ളതെല്ലാം -ഏക പുത്രൻതന്നെയും- ദൈവത്തിന്റെ ദാനമാണെന്നും, ഇവയുടെമേൽ ദൈവത്തിനാണു പരമാധികാരം എന്നുമുള്ള അംഗീകരിക്കലായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ കാതൽ. ദൈവത്തിന്റെ നിർദ്ദേശ പ്രകാരം തന്റെ ഏകജാതനെപ്പോലും ദൈവത്തിനു ബലിയർപ്പിക്കാൻ അബ്രാഹം തയ്യാറായി. ഇസഹാക്കിനെ ബലിയർപ്പിക്കാൻ പ്രദർശിപ്പിച്ച സന്നദ്ധതയിൽ പ്രകടമായ അനുസരണമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ പ്രകാശനമായ പ്രവൃത്തി. ഇപ്രകാരമുള്ള പ്രവൃത്തി കളാണ് നമ്മുടെ വിശുദ്ധീകരണത്തിന് ആവശ്യമായിട്ടുള്ളത്.

പൗലോസ്ശ്ലീഹാ തന്റെ ശ്ലൈഹികസ്ഥാനത്തിന്റെയും സുവി ശേഷപ്രഘോഷണമാകുന്ന ശ്ലൈഹികദൗത്യത്തിന്റെയും ആത്യന്തിക ലക്ഷ്യമായി എടുത്തുപറയുന്നത് വിശ്വാസത്തിന്റെ അനുസരണമാണ്: "അവന്റെ നാമത്തെപ്രതി, വിശ്വാസത്തിന്റെ വിധേയത്വം സകല ജാതി കളുടെയിടയിലും ഉളവാകേണ്ടതിന് ഞങ്ങൾ കൃപയും ശ്ലൈഹിക സ്ഥാനവും പ്രാപിച്ചിരിക്കുന്നു" (റോമാ 1,5). ദൈവഹിതത്തിന് അനു സൃതമായ ജീവിതവും പ്രവൃത്തികളുമാണ് വിശ്വാസത്തെ ദൈവത്തിനു സ്വീകാര്യമാക്കുന്നത്. അപ്രകാരമുള്ള ജീവിതം നയിക്കുവാൻ അജഗണ ങ്ങളെ പ്രാപ്തരാക്കുന്നതാണ് ശരിയായ വിശ്വാസപരിശീലനം. വിശ്വാസ പരിശീലകരായ പുരോഹിതർക്ക് അപ്രകാരം വിശ്വാസജീവിതം നയി ക്കുവാൻ സാധിക്കണം. ഇടവകജനങ്ങൾക്ക് അപ്രകാരം വിശ്വാസ ജീവിതം നയിക്കുവാനുള്ള പരിശീലനം നല്കുകയും വേണം.

**ജീവിതസൂചിക**

1. പക്ഷപാതം കാണിക്കാതെ എല്ലാവരെയും ഒരുപോലെ സ്നേഹി ക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. ഇടവകജനങ്ങളെയെല്ലാം ഒരുപോലെ സ്നേഹിക്കുവാനും അപ്ര കാരം സ്നേഹിക്കുവാൻ അവരെ പഠിപ്പിക്കുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിന്റെ നിയമമായ സ്നേഹ ത്തിന്റെ ശുശ്രൂഷകനാകാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. വിശ്വാസത്തിനനുസൃതമായ പ്രവൃത്തികളിൽ പ്രായോഗികമാകുന്ന ഒരു വിശ്വാസമാണോ എന്റേത്?
5. വിശുദ്ധീകരണത്തിനുപകരിക്കുന്ന വിശ്വാസത്തിന്റെ അനുസരണാ ജീവിതം നയിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 16 നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**സീറോമലബാർ സഭാദിനം – ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.

**നന്ദി**

ഇടവകകളിലും സ്ഥാപനങ്ങളിലുമായി പുതിയ സേവനമേഖലകളിലേക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാ ബഹു. വൈദികർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്ന് സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചു പോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. നെയ്ക്കുപ്പ വികാരിയായിരുന്ന ബഹു. എടക്കളത്തൂർ ഡേവിസ് SAC അച്ചനും, അപ്പപ്പാറ വികാരിയായിരുന്ന ബഹു. ജോജി തലച്ചിറ O.Carm അച്ചനും രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജയിംസ് അഞ്ചുകണ്ടത്തിൽ SAC അച്ചനും (നെയ്ക്കുപ്പ വികാരി), ബഹു. ജിന്റോ പയ്യനാടത്ത് O.Carm അച്ചനും (അപ്പപ്പാറ വികാരി), ബഹു. ജോൺ തൂങ്കുഴിയിൽ TOR അച്ചനും (മീനങ്ങാടി അസി.വികാരി) മാനന്തവാടി രൂപതയിലേക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**New Address:**

1. Rev. Fr. Biju Koikkattil - Our Lady Of Rosary Church
27 Yardley AVE
Waitara, NSW 2077
Ph: 0061 434472486

**Transfer List of Priests of the Diocese of Mananthavady**
(w.e.f. 28th June 2020)

| REV. FRS. NAME | NEW ASSIGNMENT |
|---|---|
| Aickarathazhath Joseph | Vicar, Moolepadam |
| Alumkal Joseph | Vicar, Becki |
| Chembakara James | Vicar, Kalathuvayal |
| Chempala Augustine | Vicar, Mangalam |
| Choorapuzha John | Manager, Woodlands Estate (addtl. Charge) |
| Elamkunnappuzha Joseph | Manager, Corporate Educational Agency of Diocese of Mananthavady (CEADOM) |
| Elemkunnel Sebastian | General Coordinator, Major Seminary Formation (addtl. Charge) |
| Elavumkal Johny | Vicar, Karimbil |
| Kachirayil Thomas | Vicar, Vazhavatta |
| Kakkattikkalayil Sebastian | Vicar, Manvayal |
| Kakkonal Thomas | Director, Eparchial Media Commission |
| Kalambukatt Joseph | Vicar, Karani & Pastoral Centre Associate Director, Jesus Youth |
| Kalappura Vincent | Vicar, Kayyunny & Director, Nilgiris Region |
| Kalliyatt Devasia | Vicar, Chithragiri & Principal Kayyunny, SH Matr. School |
| Kanippillil Varghese | Vocation Promoter & Director-Pensioners' Guild |
| Kappiarumalayil Jose | Vicar, Kommayad |
| Kassamkuttiyil Sebastian | Vicar, Arattupara & Director, NDS |

| | |
|---|---|
| Kattath Thomas | Vicar, Kallumukku |
| Kavumgal Jose | Vicar, Panthipoil & Asst. Director, Radio Mattoli |
| Keezheth Sebastian | Vicar, Adackathode |
| Kizhakkenputhupally Varghese | Kayyunny, SH School Bursar (Res. Cheengavallam) |
| Kizhakkenputhuppally John | Vicar, Pookottumpadam |
| Kizhakkumpuram George | Vicar, Valavayal |
| Kocharackal Jose | Vicar, Cherukattoor |
| Koikkattil Biju | Pastoral Ministry, Australia |
| Kokkandathil John | Vicar, Makkiyad |
| Korandiyarkunnel Paul | Vicar, Mangalassery |
| Korattiparambil Vincent | Vicar, Bospara |
| Kottackal Stephen | Vicar, Vimalagiri |
| Kottaram Jose | Vicar, Sisumala |
| Kottayil Joseph | Vicar, Thalanji |
| Kunnath Johny | Vicar, Karakkamala |
| Kunnathettu James | Vicar, Theneri |
| Kuttimakkal James | Spiritual Director, Theology Students |
| Kuzhikandathil Joseph | Vicar, Seethamount |
| Madappallikunnel Mathew | Vicar, Kalluvayal |
| Madathil Abraham | Vicar, Cathedral |
| Manakkunnel Thomas | Syncellus, Nilambur - Manimooly Region & Vicar, Marutha |
| Manikuttiyil Kurian | Pastoral Ministry, USA |
| Mankottil James | Vicar, Valiyakolly |
| Mavara Stanislaus | Vicar, Kallody |
| Mecheril Jose | Vicar, Nadavayal |
| Moothedath Mathew | Vicar, Arinjermala & Charismatic Zonal Director |
| Mukkattukavumkal Thomas | Vicar, Kunjhome & Associate Director - Youth Ministry |

| | |
|---|---|
| Mulakodiyankal Varghese | Vicar, Dwaraka |
| Mundackal Jose | Medical Leave |
| Mundolickal Paul | Protosyncellus |
| Muthanikkattu Justin | Vicar, Thonichal & Assistant Director, Radio Mattoli |
| Muthirakalayil Joseph | Vicar, Kottiyoor |
| Muthukathaniyil Varghese | Vicar, Nedumpala & Chooralmala |
| Nellickal Abraham | Vicar, Kelakam |
| Olickal Thomas | Vicar, Munderi |
| Onampally Joseph | Secretary, Syro-Malabar Media Commission |
| Ottaplackal Thomas | Vicar, Amarakuni |
| Padinjarayil George | Vicar, Paralikunnu |
| Pallichankudy Mathai | Vicar, Puzhamudi & Manager, De Paul School |
| Parackal Varghese | Associate Director, Media Commission |
| Pinakkattu Joy | Vicar, Thomattuchal |
| Ponparackal John | Procurator |
| Poovathinkal Peter | Vicar, Chokkad |
| Pudussery Vincent | Leave (Pastoral Ministry in Syro-Malankara Eparchy of Bathery) |
| Punakkattu Chandy | Vicar, Deepthigiri |
| Punchayil Luka | Vicar, Thariode |
| Punnackapadavil Biju | Manager, Seminary Villa |
| Puthenpura Augustine | Vicar, Chennalode |
| Puthenpura Tomy | Spiritual Director in MMC & of Philosophy Students |
| Puthenpurayil Manuel | Vicar, Vadakkanad |
| Puthukkattil Mathew | MMC Vice-Rector, Procurator & Asst. General Coordinator for Major Seminary Formation |
| Puthukulam John | Vicar, Kavummannam |

| | |
|---|---|
| Puthukulangara Thomas | Vicar, Marakavu |
| Thamarassery Vincent | Vicar, Pazhoor |
| Thanniyil Augustine | Vicar, Kalpra |
| Thayyil Jose | Vicar, Velloonny |
| Thekkanady Jose | Vicar, Mullenkolly |
| Thuruthel Kuriakose | Vicar, Chungakunnu |
| Thuruthel Thomas | Vicar, Nilambur |
| Vadakkemulanjanal Michael | Vicar, Peria |
| **Assistants** | |
| Chavaranal Thomas | Assistant, Cherukattoor & Media Commission Member |
| Chittarackal Varghese | Assistant, Thariode |
| Edichilath Jithin | Assistant, Payyampally |
| Karuthedath Mathew (Rajeesh) | Assistant, Kalpetta & De Paul School Bursar |
| Kunnath Joseph | Assistant, Dwaraka & Media Commission Member |
| Oravaramthara Vincent, | Assistant, Bathery |
| Vadassery Joseph | Assistant, Kottiyoor |
| Vattukulathil Mathew | Assistant, Bathery |
| Venakkuzhy Mathai | Assistant, Nadavayal |
| **Religious Priests** | |
| Anjukandathil James SAC | Vicar, Neykkuppa |
| Payyanadath Jinto O.Carm | Vicar, Appappara |
| Thoomkuzhiyil John TOR | Assistant, Meenangady |

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

### സി. ദീപ്തി SABS ന് ഹൃദയം നിറഞ്ഞ നന്ദി

കഴിഞ്ഞ 6 വർഷങ്ങളായി രൂപതാ ടീം മെമ്പറായി സുത്യർഹമായ സേവനം ചെയ്ത് ഈ വർഷം തൽസ്ഥാനത്തു നിന്നും മാറുന്ന സി. ദീപ്തി SABS ന് രൂപതയുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു. തുടർന്നുള്ള ജീവിതയാത്രയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നന്മകളും ആശംസിക്കുന്നു. പുതിയതായി രൂപതാ ടീമിലേക്ക് കടന്നുവന്ന സി. റോസ്മിൻ SABS നെ സ്നേഹത്തോടെ സ്വാഗതം ചെയ്യുകയും നന്മകൾ നേരുകയും ചെയ്യുന്നു.

### പുതിയ അധ്യായനവർഷം

2020–2021 അധ്യായനവർഷം ജൂൺ 8–ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ വി. കുർബാനയോടു കൂടി ആരംഭിച്ചു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ Online class ആണ് ആരംഭിച്ചിരിക്കുന്നത്. Shekinah Television, Goodness T V, Catechism Mananthavady Youtube channel ഇവയിൽ പ്രക്ഷേപണം ചെയ്യുന്ന ക്ലാസ്സുകൾ കുട്ടികൾ കാണുന്നുണ്ടെന്ന് ക്ലാസ്സ് ടീച്ചേഴ്സ് ഉറപ്പുവരുത്തുകയും കുട്ടികളുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തി ടീച്ചിംങ്ങ് നോട്ടിൽ മാർക്ക് രേഖപ്പെടുത്തേണ്ടതുമാണ്.

കഴിഞ്ഞ വർഷത്തിൽ മതബോധനരംഗത്ത് സേവനം ചെയ്ത ഹെഡ്മാസ്റ്റേഴ്സ്, അധ്യാപകർ എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നത വിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ... തുടങ്ങിയ കാരണങ്ങളാൽ താത്ക്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്തുനിന്നു മാറിയിട്ടുള്ളവരുണ്ട്. അവരോടുള്ള രൂപതയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

പുതുതായി വിശ്വാസപരിശീലന രംഗത്തേയ്ക്ക് കടന്നുവന്ന ഹെഡ്മാസ്റ്റേഴ്സിനേയും അധ്യാപകരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

### HCC I & HCC II Online Registration

HCC I & HCC II Registration കഴിഞ്ഞ വർഷത്തെപോലെതന്നെ Online ആയിട്ടാണ് ചെയ്യേണ്ടത്. എങ്ങനെ ചെയ്യണം എന്നതിനെക്കുറിച്ച് ഒരു video നമ്മുടെ Youtube Channel ൽ ഇടുന്നതാണ്. രജിസ്ട്രേ

ഷനുശേഷം Print out എടുത്ത് വികാരിയച്ചനും ഹെഡ്മാസ്റ്ററും കുട്ടികളും അപേക്ഷ ഫോമിലും ഹാൾ ടിക്കറ്റിലും Sign ചെയ്ത് (മാതാപിതാക്കളുടെ ഒപ്പ് നിർബന്ധമില്ല) രൂപതാ ഓഫീസിലേക്ക് കൊറിയർ ചെയ്യേണ്ടതാണ്. ഒപ്പിടാത്ത അപേക്ഷ ഫോം യൂണിവേഴ്സിറ്റി സ്വീകരിക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് ക്ലാസ്സ് ടീച്ചേഴ്സ് വഴി ശേഖരിച്ച് താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

Catechetical Centre
A/C No. : 00630215279219001
The Catholic Syrian Bank
Mananthavady Branch
IFS CODE: CSBK0000063

Fees : HCC - 200
HDC - 750
DCC - 500

HDC, DCC Registration നും ഈ വർഷം മുതൽ Online ആയിട്ടാണ് ചെയ്യേണ്ടത്. അവസാന തീയതി July 31 ആണ്.

Survey Form ഉം site ൽ upload ചെയ്യേണ്ടതാണ്.

Online registration ന്റെയും Survey form upload ചെയ്യണ്ടതിന്റെയും അവസാന തീയതി July 31 ആണ്.

**Private Registration**

പത്താം ക്ലാസ്സ് പഠനത്തിനുശേഷം എൻട്രൻസ് കോച്ചിംഗിനും, മറ്റ് ഉന്നത വിദ്യാഭ്യാസത്തിനുമായി രൂപതയ്ക്ക് പുറത്ത് പോകേണ്ടി വരുന്നവരുമായ വിദ്യാർത്ഥികൾക്ക് ഞായറാഴ്ചകളിലെ സാധാരണ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധ്യമല്ലാത്തതിനാൽ, അവർക്കായി മാനന്തവാടി രൂപതാ മതബോധന കേന്ദ്രം തയ്യാറാക്കിയിരിക്കുന്ന വിശ്വാസപരിശീലന പരിപാടിയാണ് Distance Faith Formation Programme. ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ആഗസ്റ്റ് 15 ന് മുമ്പ്, രൂപതാ മതബോധനകേന്ദ്രത്തിൽ വിദ്യാർത്ഥികൾ നേരിട്ട് നൽകേണ്ടതാണ്. 1500 രൂപയാണ് ഫീസ്.

2. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകുന്നതോടൊപ്പം Distance Faith Formation Programme-ൽ രജിസ്റ്റർ ചെയ്യാൻ അനുവദി ക്കുന്നതായി കാണിക്കുന്ന ഇടവക വികാരിയച്ചന്റെ കത്തും ഓഫീസിൽ നൽകണം. വികാരിയച്ചന്റെ അനുവാദമില്ലാതെ രജിസ്ട്രേഷൻ സാധ്യമല്ല.

3. ഇടവകയിൽനിന്ന് രൂപതയ്ക്കകത്ത് വിവിധ പരിശീലന കേന്ദ്ര ങ്ങളിൽ പോകുന്ന കുട്ടികൾ മാതൃ ഇടവകയിൽ ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബ്ബാനയിൽ സംബന്ധിക്കുക.

4. ഞായറാഴ്ച രാവിലെ കുർബ്ബാന മാതൃ ഇടവകയിൽ പ്രായോഗിക മല്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വി. കുർബ്ബാനയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.

5. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന സെമിനാർ 2021 ജനുവരി 31 ന് മുൻമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ് ഈ സെമി നാർ internal മാർക്കായി പരിഗണിക്കുന്നതാണ്.

6. വിദ്യാർത്ഥികൾക്ക് നാലു ദിവസത്തെ ക്യാമ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കും സെമിനാർ ഓഫീസിൽ എത്തി ക്കുന്ന സമയത്ത് ക്യാമ്പിന്റെ തീയതി അറിയിക്കുന്നതായിരിക്കും.

7. യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് ക്യാമ്പിലെ 100% ഹാജർ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നതാണ്. ക്യാമ്പിന്റെ അവസാന ദിവസമായിരിക്കും യൂണിവേഴ്സിറ്റി പരീക്ഷ.

8. ക്യാമ്പിൽ പങ്കെടുക്കാൻ എത്തുമ്പോൾ പുസ്തകം, ഉപപാഠ പുസ്തകം, നമസ്കാര പുസ്തകം, പൊതുവിജ്ഞാനം (a), നോട്ട് ബുക്ക്, ബഡ്ഷീറ്റ്, എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പു ദിവസങ്ങളിൽ പാസ്റ്ററൽ സെന്ററിൽ തന്നെ താമസി ക്കേണ്ടതാണ്. മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

9. ഈ സംവിധനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപതാ റാങ്കിന് പരിഗണിക്കുന്നതല്ല. ഇവർക്ക് SAY പരീക്ഷ ഉണ്ടായിരിക്കില്ല.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

## ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ,

ചെമ്മഞ്ഞക്കൊടിയേന്തിയവരെല്ലാം ഒന്നുചേരുന്ന സംഗമവേദിയായ ചെറുപുഷ്പ മിഷൻലീഗ് പുതിയ പ്രവർത്തന വിഷയവുമായി – മിഷനെ അറിയുക മിഷണറിയാകുക മിഷൻലീഗിലൂടെ – പുത്തൻ വർഷത്തിലേക്ക് പ്രവേശിക്കുന്നു. 'ഒലിവ്'എന്നാണ് പ്രവർത്തന മാർഗ്ഗരേഖയുടെ പേര്. ചരിത്രപരമായും മതപരമായും ആരോഗ്യപരമായും ഏറെ പ്രാധാന്യമുള്ള, വിശുദ്ധഗ്രന്ഥത്തിൽ ഏറെ പ്രതിപാദിക്കപ്പെടുന്ന, വേനലിൽ വാടുകയോ വർഷകാലത്ത് കടപുഴകുകയോ ചെയ്യാതെ തല ഉയർത്തി നിൽക്കുന്ന നിത്യഹരിതവൃക്ഷമാണ് ഒലിവ്. പ്രതികൂലസാഹചര്യങ്ങളെ ചെറുത്തുനിൽക്കാൻ കെൽപ്പുള്ള, തഴച്ചുവളരുന്ന ഒലിവ് വൃക്ഷത്തെപ്പോലെ പ്രേഷിതജീവിതത്തിന്റെ മാറ്റമില്ലാത്ത ഹരിതഛായ ആയി ഓരോ കുഞ്ഞുമിഷണറിമാരും സ്വന്തം ജീവിതത്തിൽ എന്നപോലെ മറ്റുള്ളവരുടെ ജീവിതത്തിലും വെളിച്ചം വീശുന്ന പ്രേഷിതരായി മാറണം. ഈ പ്രേഷിതവർഷത്തിൽ കൂടുതൽ മികവാർന്ന പ്രവർത്തനങ്ങളുമായി സംഘടനയുടെ ലക്ഷ്യങ്ങളിൽ അധിഷ്ഠിതമായി മാനന്തവാടി രൂപത മിഷൻലീഗ് കുടുംബം ഒത്തൊരുമിച്ച് മുന്നേറട്ടെ. നമ്മിലുള്ള ക്രിസ്തുവെളിച്ചത്തെ എല്ലാവരും അറിയട്ടെ. എല്ലാവർക്കും നല്ല പ്രവർത്തനവർഷം ആശംസിച്ചുകൊണ്ട്, മിഷൻ അഭിവാദ്യങ്ങളോടെ,

ഫാ.ഷിജു ഐക്കരക്കാനായിൽ
(CMLരൂപത ഡയറക്ടർ)

2020 ജൂൺ : പ്രേഷിതരുടെവെളിച്ചം
പ്രയർ 2020 : പ്രേഷിതകുടുംബങ്ങൾക്കായി
മിഷൻ പ്രയർ ബാങ്ക് : അദിലാബാദ്രൂപത (പയ്യമ്പള്ളി മേഖലയിലെ ശാഖകൾ)

**പ്രവർത്തന റിപ്പോർട്ടുകൾ**

CML RED Day ജൂൺ ഒന്നിന് ബത്തേരി, മാനന്തവാടി ബ്ലഡ് ബാങ്കുകളിൽ രക്തദാനം ചെയ്തുകൊണ്ട് പ്രവർത്തനവർഷ ആരംഭം കുറിച്ചു.

**സ്വാഗതം നന്ദി**

സ്തുത്യർഹമായസേവനങ്ങൾക്കുശേഷം സ്ഥലം മാറി പോകുന്ന ഓഫീസ് സെക്രട്ടറി ആയിരുന്ന സി. ലിസ്സ CMC യ്ക്കും, ജോ.ഡയറക്ടർ സി. ടെസ്സി SH നും നന്ദി. പുതിയ പ്രവർത്തനവഴി യിൽ എല്ലാവിധ ആശംസകളും നേരുന്നു. അതോടൊപ്പം പുതിയ ജോ. ഡയറക്ടറായി സ്ഥാനമേൽക്കുന്ന സി. ക്രിസ്റ്റീന FCC യ്ക്കും ഓഫീസ് സെക്രട്ടറിയായി ഇത്തരവാദിത്വം ഏറ്റെടുക്കുന്ന സി. സിനി മരിയ CMC യ്ക്കും ഹൃദ്യമായ സ്വാഗതം.

**ആത്മഗാഥ**

പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധാത്മ വചന ങ്ങളും ഗാനങ്ങളും ഉൾപ്പെടുത്തി ഒരാഴ്ച നീളുന്ന ഓൺലൈൻ വീഡിയോ പരമ്പര പ്രക്ഷേപണം ചെയ്തു.

**മിനിക്കഥാ മത്സരം**

5 വയസ്സിനു താഴെയും 15 ന് മുകളിലും എന്നിങ്ങനെ രണ്ട് വിഭാഗ ങ്ങളിലായി മിനിക്കഥ മത്സരം സംഘടിപ്പിച്ചു. വിജയികളായവർ 15 വയ സിനു മുകളിൽ - അനു വിജോയ് വിളമ്പുകണ്ടം, ജോമോൻ ജോസ് നരിവാലമുണ്ട, അനുഷ തരിയോട് എന്നിവരും, 15 വയസിനു താഴെ- എമിൻ കൽപറ്റ, റോഷ്നി ചുണ്ടക്കര, ക്രിസ്ന അമ്പായത്തോട് എന്നി വരും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായി.

**BE-LIVE ക്രിസ്റ്റീൻ ധ്യാനം**

ജൂൺ 3, 4, 5 തീയതികളിൽ മാനന്തവാടി രൂപത ക്രിസ്റ്റീൻ മിനി സ്ട്രിയും ചെറുപുഷ്പ മിഷൻലീഗും സഹകരിച്ച് ഓൺലൈൻ ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാ ടനം ചെയ്ത ധ്യാനത്തിന് ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട്ട്, സി. റ്റെയ്സി SH, സി. ലിസ്സാ SKD എന്നിവർ നേതൃത്വം നൽകി.

**'പ്ലാക്കൂട് 2020'**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മിഷൻലീഗ് അംഗങ്ങളുടെ ഭവനങ്ങളിൽ പ്ലാവിൻ തൈകൾ നടുന്ന 'പ്ലാക്കൂട് 2020' എന്ന പരിപാടി സംഘടിപ്പിച്ചു. ബിഷപ്സ്ഹൗസിൽ പ്ലാവിൻ തൈ നട്ട് മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. പ്ലാവിൻ തൈകൾ നടുന്ന തിന്റെ ഫോട്ടോകൾ ശേഖരിച്ച് അതിൽ നിന്നും നറുക്കിട്ടെടുത്ത ആദിൻ മുണ്ടയ്ക്കൽ - വാളവയൽ ശാഖ - സമ്മാനാർഹനായി. ആദിന് മിഷൻലീഗ് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ടിവി ചലഞ്ച്**

ലോക്ഡൗൺ കാലത്ത് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാഹചര്യമില്ലാത്ത കുട്ടികൾക്ക് ഉപയോഗപ്രദമായ പഴയ ടിവി, കമ്പ്യൂട്ടർ എന്നിവ ശേഖരിച്ച് നൽകുന്ന പദ്ധതിയിലൂടെ അപ്പപ്പാറ, തൃശിലേരി, മീനങ്ങാടി എന്നിവിടങ്ങളിൽ ടിവി വിതരണം ചെയ്തു. സഹകാരികൾക്ക് നന്ദി.

**സമീക്ഷ 2020**

ജൂണിയർ ടീം അംഗങ്ങൾക്കായി ഓൺലൈൻ പരിശീലനം ജൂൺ 6, 7 തീയതികളിൽ നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങൾ-ശ്രീ.തോമസ് കല്ലറക്കൽ, അരുൺ പേഴേക്കാട്ടിൽ, സിനീഷ് ആപ്പുഴയിൽ, ഷാജി ചന്ദനപ്പറമ്പിൽ, ടോം ജോസ്, രഞ്ചിത് മുതുപ്ലാക്കൽ, ഫാ.ഷിജു ഐക്കരക്കാനായിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**മേഖല ഡയറക്ടർ സംഗമം**

ബഹുമാനപ്പെട്ട മേഖലഡയറക്ടർ അച്ചൻമാരുടെ മീറ്റിംഗ് 11/6/20 വ്യാഴാഴ്ച സൂം ആപ്പിലൂടെ ചേർന്നു.

**മാനേജിംഗ് കമ്മറ്റി**

ജൂൺ 13 ശനിയാഴ്ച രൂപത മാനേജിംഗ് കമ്മറ്റി ഓൺലൈൻ ആയി ചേർന്നു. പുതിയ പ്രവർത്തനവർഷത്തെ പ്രോഗ്രാമുകൾ ചർച്ച ചെയ്തു. ഓഡിറ്ററായിരുന്ന ജോയ് മേപ്പാടം സാറിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. പുതിയ ഓഡിറ്ററായി ശ്രീ.ഷിബു മാവേലിക്കുന്നേലിനെ തിരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് നോമിനേറ്റഡ് അംഗമായിരുന്ന കുമാരി അഞ്ജു മൂഴിയാങ്കൽ തത്സ്ഥാനത്തു നിന്നും മാറിയ സാഹചര്യത്തിൽ കുമാരി മെർലിൻ മേപ്പാടത്തിനെ നോമിനേറ്റഡ് അംഗമായി തിരഞ്ഞെടുത്തു.

**സദ്വാർത്ത എല്ലാവരും അറിയട്ടെ**

ഫിയാത്ത്മിഷനുമായി സഹകരിച്ച് ബൈബിൾ അച്ചടിക്കാത്തതും ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഭാഷകളിലേക്ക് ബൈബിൾ എത്തിക്കുന്നതിനായി ഒരുലക്ഷം ബൈബിൾ അച്ചടിക്കുക എന്ന ലക്ഷ്യത്തോടെ പഴയ പത്രക്കടലാസുകൾ മാസികകൾ എന്നിവ ശേഖരിക്കുന്നു. മേഖല അടിസ്ഥാനത്തിൽ ശേഖരിച്ച പേപ്പറുകൾ രൂപത ശേഖരിച്ച് ഫിയാത്ത്മിഷനെ ഏൽപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തു.

**പ്രേഷിതാത്മ 2020**

'മിഷനെ അറിയാം മിഷണറിയാകാം മിഷൻലീഗിലൂടെ' എന്ന സന്ദേശവാക്യവുമായി, പുതിയ പ്രവർത്തന വർഷം 'പ്രേഷിതാത്മ 2020'

എന്ന പേരിൽ, മാർ ജോസ് പൊരുന്നേടം പിതാവ് ജൂൺ 14 ന് ഉദ്ഘാടനം ചെയ്തു. ജോ.ഡയറക്ടർ സി.ക്രിസ്റ്റീനയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിന് പ്രസിഡന്റ് രഞ്ചിത്ത് മുതുപ്ലാക്കൽ അധ്യക്ഷം വഹിച്ചു. രൂപത ഡയറക്ടർ ഫാ. ഷിജു സ്വാഗതം ആശംസിച്ചു. ഈ വർഷത്തെ മാർഗ്ഗരേഖ 'ഒലിവ് 2020'പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. പോൾ വാഴപ്പള്ളി ഓഫീസ് സെക്രട്ടറി സി. സിനി മരിയ സി.എം.സിയ്ക്കു കൈമാറികൊണ്ട് പ്രകാശനം ചെയ്തു. ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ മാർഗരേഖ അവതരിപ്പിച്ചു. ചാരിറ്റി ഇടവകാംഗം ലിഞ്ചു സംഗീതം ആലപിച്ചു. പാടിച്ചിറ ശാഖാംഗങ്ങൾ നൃത്തം ചവിട്ടിയ ചടങ്ങിൽ രൂപത സെക്രട്ടറി ടോം ജോസ് ഏവർക്കും നന്ദി അറിയിച്ചു. ഒറ്റപ്ലാവ് ശാഖാംഗങ്ങളുടെ - ക്രിസ്റ്റി ജോസ്, ക്രിസ്റ്റീന ജോസ് - മിഷൻ ആന്തം ആലാപനത്തോടെ ഓൺലൈൻ ആയി നടത്തിയ പ്രേഷിതാത്മ 2020 ന് വിരാമം കുറിച്ചു.

**ജന്മദിനാശംസകൾ**

ജൂൺ 15 ന് ജന്മദിനം ആഘോഷിച്ച രൂപത ഡയറക്ടർ ഷിജു അച്ചന് മിഷൻലീഗ് കുടുംബം ജന്മദിനത്തിന്റെ മംഗളങ്ങളും ഭാവുകങ്ങളും ആശംസിച്ചു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം...

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

**പരിശുദ്ധ റൂഹാ**

പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് മെയ് 21 വ്യാഴാഴ്ച്ച മുതൽ 29 വെള്ളിയാഴ്ചവരെ രാത്രി 8.30 മുതൽ 9.30 വരെ പത്ത് ദിവസത്തെ ഓഡിയോ ലൈവ് ഒരുക്ക പ്രാർത്ഥന യൂത്ത് മിനിസ്ട്രി യുടെ നേതൃത്വത്തിൽ നടത്തി. വ്യത്യസ്തസ്ഥലങ്ങളിലായിരുന്നു കൊണ്ട് മാതാപിതാക്കളും കുട്ടികളും യുവജനങ്ങളും ഈ പന്തക്കുസ്താ ഒരുക്കപ്രാർത്ഥനയിൽ സജീവമായി പങ്കെടുത്തു. ഈ ഒരുക്ക പ്രാർത്ഥനകൾക്ക് നേതൃത്വം നല്കിയത് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, യൂത്ത് മിനിസ്ട്രി ഫുൾടൈംമർ ജെസിപിൻ ജോസഫ്, സി.ആൻസി തോമസ്സ് സി.എം.സി കമ്മ്യൂണിറ്റിയും, സി.ലിൻസി എസ്.സി വി. കമ്മ്യൂണിറ്റിയും ആണ്.

**പന്തക്കുസ്താ ആരാധന**

മെയ് 31 പന്തക്കുസ്താ ദിനത്തിൽ ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ രാവിലെ 9.30 മുതൽ 10.30 വരെ ദിവ്യകാരുണ്യ ആരാധനയും പ്രത്യേക പ്രാർത്ഥനയും യൂത്ത് മിനിസ്ട്രിയുടെ ഫെയ്സ് ബുക്ക് പേജുവഴി നടന്നു. വൈദികരും നിരവധി കുടുംബങ്ങളും യുവജനങ്ങളും കുട്ടികളും യൂത്ത്മിനിസ്ട്രി ടിം അംഗങ്ങളും വാകേരി ഇടവകാംഗങ്ങളും ഈ ആരാധനയിൽ പങ്കുചേർന്നു.

**ഓൺലൈൻ പരീക്ഷ ഒരുക്ക പ്രാർത്ഥന**

2020 മെയ് 25-ാം തീയതി തിങ്കളാഴ്ച രാവിലെ പത്ത് മണി മുതൽ പതിനൊന്ന് മണിവരെ പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി ഓൺലൈൻ വഴി പ്രത്യേക പരീക്ഷ ഒരുക്ക പ്രാർത്ഥന ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു.

**കോൺഫറൻസ് കോൾ ടീം മീറ്റിംഗ്**

എല്ലാ ദിവസവും രാവിലെ 10.30 ന് യൂത്ത്മിനിസ്ട്രി ടീം അംഗങ്ങൾ ഓൺലൈൻ കോൺഫറൻസ് ടീം മീറ്റിംഗ് നടത്തി. അനുദിന പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ആസൂത്രണം ചെയ്യുവാനും ഇതുവഴി കഴിഞ്ഞു.

**സിസ്റ്റർ സിംങ്ങ്**

മെയ് മാസത്തിലെ വണക്കമാസത്തോടനുബന്ധിച്ച് സിസ്റ്റർ സിംങ്ങ് എന്ന മരിയൻ ഭക്തി ഗാന ശുശ്രൂഷ യൂത്ത് മിനിസ്ട്രിയിലെ ജീസസ്സ് ബാന്റിന്റെ നേതൃത്വത്തിൽ മെയ് 10 മുതൽ ജൂൺ 20 വരെ നടത്തി. ഈ പരിപാടിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സന്യാസിനികളെ സംഘടിപ്പിച്ചുകൊണ്ട് പരിശുദ്ധ മാതാവിന്റെ സ്തുതിക്കായി മരിയൻഭക്തിഗാന വീഡിയോ സംഘടിപ്പിക്കുകയും അത് യൂത്ത്മിനിസ്ട്രിയുടെ യൂട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്യുകയും ചെയ്തു. ലോകത്തിലുള്ള വിവിധ സന്ന്യാസിനി സമൂഹങ്ങളിലുള്ള വിവിധ ഭാഷയിലുള്ളവർ ഇതിൽ പങ്കുചേർന്നു. ലോകത്തിലെ പത്തോളം രജ്യങ്ങളിൽ നിന്നും 86 സിസ്റ്റേഴ്സ് 13 ഭാഷകളിലായി ഈ മരിയൻ ഭക്തി പ്രചരിപ്പിക്കാൻ യൂത്ത് മിനിസ്ട്രിയോടൊപ്പം കൈകോർത്തു. ജീസസ്സ് ബാന്റിലെ യുവജനങ്ങളാണ് പരിപാടി സംഘടിപ്പിച്ചത്. നീരജ് ഡെവീസ് (നടവയൽ) ന്റെ നേതൃത്വത്തിൽ റോസ്മേരി കെ.ജോയി, അതുൽ ഷാജു, അലീന തോമസ്സ് എന്നിവർ നേതൃത്വം വഹിച്ചു. ഈ പ്രോഗ്രാമിൽ പങ്കെടുത്ത മുഴുവൻ സിസ്റ്റേഴ്സിനും നേതൃത്വം വഹിച്ചവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**ലോക്ഡൗൺ മ്യൂസിക്ക്**

2020 മെയ് 28 ന് ജെ. ബാന്റിന്റെ ലോക്ഡൗൺ മ്യൂസിക്ക് ലാലച്ചനും പിള്ളേരും പുറത്തിറക്കി. ജെ.ബാന്റ് അംഗങ്ങളെല്ലാവരും അവരവരുടെ വീടുകളിലിരുന്ന് പാടിയ പാട്ടുകൾ കോർത്തിണക്കി ജെ.ബാന്റിന്റെ യൂടൂബ് ചാനലിലൂടെ പ്രസിദ്ധപ്പെടുത്തി. ആൻമരിയ ജിനൈറ്റ്, അലീന തോമസ്സ്, റോസ്മേരി കെ.ജോയി, മരിയ, ആഷ്‌ലി, അഥുൽ ഷാജു, വിപിൻ, മെറിൻ, ജെസ്റ്റിൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു. നീരജ് ഡെവിഡ് – ഗിറ്റാർ, ഹെബിൻ – കീബോഡ്, റോബിൻ – ഡ്രംസ് എന്നിവർ പശ്ചാതല സംഗീതം നല്കി. ഇതിന് നേതൃത്വം നല്കിയവർ നീരജ്, നിഖിൽ, ആൻമരിയ, അലീന, അഥുൽ എന്നിവരാണ്.

**ജെ. ബാന്റ് – കവർസോങ്ങ്**

2020 ജൂൺ 19–ന് ജെ.ബാന്റിന്റെ കവർസോങ്ങ് റീലീസ് ചെയ്തു. ആൻമരിയ ജിനൈറ്റ്, അലീന തോമസ്സ്, റോസ്മേരി കെ.ജോയി, സോന ചാക്കോ, സോന ലിസ് ഷാന്റി, ഷീനു, അഥുൽ ഷാജു, വിപിൻ, ജെസ്റ്റിൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു. നീരജ് ഡെവിഡ് – ഗിറ്റാർ, ഹെബിൻ – കീബോഡ്, എന്നിവർ പശ്ചാത്തല

സംഗീതം നൽകി. നിഖിൽ ഡെവീസ്, ആൽപിൻ മാത്യു എന്നിവരാണ് സിനിമറ്റോ ഗ്രാഫിയും എഡിറ്റിങ്ങും നടത്തിയത്. കവർ സോങ്ങിന് നേതൃത്വം നൽകിയവർ നീരജ്, നിഖിൽ, അലീന, അഥുൽ എന്നിവരാണ്.

**തിരുഹൃദയ ഭക്തി**

തിരുഹൃദയ മാസമായ ജൂൺ മുഴുവനും വണക്കമാസ പ്രാർത്ഥനയും അനുദിന സന്ദേശവും ഉൾകൊള്ളുന്ന പോസ്റ്ററുകൾ നിർമ്മിച്ച് വളരെ ആകർഷകമായ വിധത്തിൽ എല്ലാവരിലേക്കും എത്തിക്കുവാൻ കഴിഞ്ഞു. യൂത്ത് മിനിസ്ട്രിയുടെ ഫുൾ ടൈംമർ ജെസ്പിൻ ജോസഫ് നേതൃത്വം നല്കുന്നു. എല്ലാ തിരുനാളുകളിലും ആഘോഷങ്ങളിലും പൊതുദിനങ്ങളിലും ഇപ്രകാരം തന്നെ പോസ്റ്ററുകളും സന്ദേശങ്ങളും വഴി യൂത്ത് മിനിസ്ട്രി സോഷ്യൽ മീഡിയായിലൂടെ സുവിശേഷ പ്രചരണത്തിന് നേതൃത്വം നല്കുന്ന ജെസ്പിന് അഭിനന്ദനങ്ങൾ.

**കഥാ ശില്പശാല**

ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള കഥാ ശില്പശാല ഷാജി ചന്ദനപറമ്പിൽ സാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. 65 കുട്ടികൾ പങ്കു ചേർന്നു. 5 വീഡിയോ ക്ലാസ്സുകളും അവയുടെ പ്രവർത്തനങ്ങളും തയ്യാറാക്കി നല്കികൊണ്ടാണ് ശില്പശാല നടത്തിയത്. ക്ലാസ്സുകൾ തയ്യാറാക്കിയ ഷാജി സാറിനും, സാങ്കേതിക സഹായം നല്കി സഹായിച്ച സി.ഡൽഫി സി.എം.സി ക്കും നന്ദി.

**ലൈഫ് ട്രെയിനിംഗ്**

അവധിക്കാല ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി അനുദിനവും പഠന സാമഗ്രികൾ കുട്ടികൾക്ക് നല്കുകയും അവരുടെ പഠന ആത്മീയ മേഖലകൾ വിലയിരുത്തുകയും ചെയ്യുന്നു. പഠന ക്ലാസ്സുകൾ സീനിയർ ബാച്ചിലെ വിദ്യാർത്ഥികൾ തന്നെ തയ്യാറാക്കി. അബിറ്റ ആൻമരിയ, അനോവ, അപർണ്ണ, സനിലിറ്റ്, റിച്ചാർഡ്, എന്നിവരാണ് പഠനക്ലാസ്സുകൾ തയ്യാറാക്കിയത്. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ആത്മജ്വാല 2020**

പരിശുദ്ധാത്മാവിനാൽ ജ്വലിച്ചു ലോകത്തിനു സാക്ഷികളാകാനുള്ള ഉൾവിളിയാണ് ഓരോ പന്തക്കുസ്താതിരുനാളും. മുള്ളൻകൊല്ലി മേഖലയിൽ പാടിച്ചിറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വെച്ച് ഈ വർഷത്തെ ആത്മജ്വാല 2020 നടത്തപ്പെട്ടു. പന്തക്കുസ്ത ഒരുക്കശുശ്രൂഷകൾക്ക് ആദ്യ എട്ട് ദിനങ്ങളിൽ റവ. ഫാ. ജെയ്സ് പൂതക്കുഴിയും ഒമ്പതാം ദിനത്തിന് റവ.ഫാ.ജോൺ പുതുക്കുളവും ആത്മീയനേതൃത്വം നൽകി. ആത്മജ്വാലയുടെ ദിനങ്ങളിൽ രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, രൂപത ആനിമേറ്റർ സിസ്റ്റർ സാലി CMC, രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, രൂപത വൈസ് പ്രസിഡന്റ് കുമാരി. റ്റെസിൻ വയലിൽ, നടവയൽ മേഖല സെക്രട്ടറി ലിസ്ന പരുവുമ്മേൽ, പാടിച്ചിറ ഇടവകാംഗം ചിഞ്ചു പ്ലാക്കിയിൽ, മുള്ളൻകൊല്ലി മേഖല പ്രസിഡന്റ് ശ്രീ. ആന്റണി മങ്കടപ്ര, പാടിച്ചിറ ഇടവക വികാരി റവ. ഫാ. ജെയ്സ് പൂതക്കുഴി, ദ്വാരക മേഖല വൈസ് പ്രസിഡന്റ് കുമാരി അലീന ടോമി എന്നിവർ വ്യത്യസ്ത ചിന്താവിഷയങ്ങളെ മുൻനിർത്തി സന്ദേശങ്ങൾ നൽകി. Online വഴിയായി മാനന്തവാടി രൂപത കെ.സി.വൈ.എമ്മിന്റെയും മീഡിയകമ്മീഷന്റെയും ഔദ്യോഗിക ഫേസ്ബുക്ക് പേജിലും റവ. ഫാ. ജെയ്സ് പൂതക്കുഴിയുടെ യൂടൂബ് ചാനലിലും ലൈവ് ആയി ടെലികാസ്റ്റ് ചെയ്യപ്പെട്ടു. മെയ് 31 ന് പന്തക്കുസ്താദിനത്തിൽ ധ്യാനഗുരുവും പഴൂർ ഇടവക വികാരിയുമായ ജോൺ പുതുക്കുളം അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപത ഡയറക്ടർ അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചന്റെയും പാടിച്ചിറ ഇടവക വികാരി ജെയ്സ് പൂതക്കുഴി അച്ചന്റെയും പങ്കാളിത്തത്തോടെ നടന്ന വി. ബലിയോടെ അവസാനിച്ചു. ആത്മജ്വാല 2020 പൂർണ്ണതയിൽ എത്തിക്കാൻ സഹായിച്ച ഏവർക്കും ഒരായിരം നന്ദി.

**ജാഗരണ പ്രാർത്ഥന:-** പെന്തക്കുസ്ത ദിനത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത സെക്രട്ടറിയേറ്റ് അംഗങ്ങൾ മെയ് 30-ന് രാത്രി ജാഗരണ പ്രാർത്ഥന നടത്തി. ഓരോരുത്തരും തങ്ങളായിരിക്കുന്ന സ്ഥലങ്ങളിൽ ആയിരുന്നുകൊണ്ട് ഓരോ മണിക്കൂറുകൾ വീതം ഏറ്റെടുത്ത് നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചു.

**Catholic Response Team**

സോഷ്യൽ മീഡിയയിലും മറ്റുമായി കത്തോലിക്കസഭയ്ക്കും സഭാസംവിധാനങ്ങൾക്കും എതിരായി നടന്നു വരുന്ന വ്യാജ പ്രചരണങ്ങൾക്കെതിരെ പ്രതികരിക്കുന്നതിന് യുവജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കാത്തലിക്ക് റെസ്പോൺസ് ടീം രൂപീകരിച്ചു

**കാരക്കാമലയിലെ വിശ്വാസ സമൂഹത്തിന് കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ പൂർണ്ണ പിൻതുണ**

സഭാവിരുദ്ധവും വിശ്വാസരഹിതവുമായ പ്രവർത്തനങ്ങളിലൂടെ സഭയേയും ഇടവകയേയും അവഹേളിക്കുന്ന സാഹചര്യത്തിൽ ലൂസി കളപ്പുരയുടെ സാന്നിധ്യവും സേവനവും കാരക്കാമല ഇടവകയ്ക്ക് ആവശ്യമില്ലെന്നും, സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന അടിസ്ഥാനരഹിതമായ പോസ്റ്റുകൾ പിൻവലിക്കണമെന്നും, ഇതു പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ഇടവകജനങ്ങളുടെ ഈ ആവശ്യങ്ങൾക്ക് കെ.സി. വൈ.എം പൂർണ പിന്തുണ പ്രഖ്യാപിച്ചു. ലൂസി കളപ്പുരയും കൂട്ടരും കാരയ്ക്കാമല കേന്ദ്രീകരിച്ച് സൃഷ്ടിച്ച വ്യാജപ്രചരണങ്ങളുടെ അടിസ്ഥാനത്തിൽ ചിലർ അത് മുതലെടുക്കാൻ ശ്രമിക്കുകയാണെന്ന് തിരിച്ചറിഞ്ഞ് കെ.സി.വൈ.എം. മാനന്തവാടി രൂപത അതിനെതിരെ പ്രതിഷേധിച്ചു.

**നിലപാടിലുറച്ച് കെ.സി.വൈ.എം: –** ലൂസി കളപ്പുര വിഷയത്തിൽ കെ.സി.വൈ.എം നിയമ നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കെ.സി.വൈ.എം. രൂപത പ്രസ്ഥാനത്തിനു വേണ്ടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു.

**ലൂസി കളപ്പുര വിഷയത്തിൽ അടിയന്തര നടപടി ആവശ്യപ്പെട്ട് കെ.സി.വൈ.എം. പത്രസമ്മേളനം നടത്തി**

കാരക്കാമല വിഷയത്തിൽ കൃത്യമായ അന്വേഷണം നടക്കുകയും സത്യം പുറത്ത് കൊണ്ടുവരികയും ചെയ്യണമെന്ന് ആവശ്യപ്പെട്ട് കെ.സി.വൈ.എം. മാനന്തവാടി രൂപത നേതൃത്വസമിതി പത്രസമ്മേളനം നടത്തി. ലൂസി കളപ്പുര നിരന്തരമായി തന്റെ ജീവന് ഭീഷണി ഉണ്ടെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ അവർക്കുവേണ്ട സുരക്ഷ ഉറപ്പുവരുത്തേണ്ടതുണ്ടെന്നും, ലൂസി കളപ്പുര ഗുരുതരമായ

ആരോപണങ്ങൾ ഉന്നയിക്കുകയും മറ്റ് പലരേയും മഠത്തിലേക്ക് ക്ഷണിക്കുകയും ചെയ്ത സാഹചര്യത്തിൽ ലൂസിയെക്കാൾ ഉപരി അവിടെ പ്രതിസന്ധി നേരിട്ടത് അവിടെയുള്ള സഹസന്യാസിനി കളായിരുന്നു എന്ന് കെ.സി.വൈ.എം. വെളിപ്പെടുത്തി. കാരക്കാമല വിഷയത്തിലെ നിലവിലെ സാഹചര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഈ വിഷയത്തിൽ ശാശ്വത പരിഹാരം കണ്ടെത്തി തരാൻ നിയമപാലകർ വേണ്ട നടപടി സ്വീകരിക്കണമെന്നും കെ.സി.വൈ.എം ആവശ്യപ്പെട്ടു. പത്രസമ്മേളനത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, വൈസ് പ്രസിഡന്റ് ടെസിൻ വയലിൽ, കെ.സി.വൈ.എം ദ്വാരക മേഖല പ്രസിഡന്റ് ശ്രീ.ജോബിൻ ഇല്ലിക്കൽ, എന്നിവർ പങ്കെടുത്തു.

**സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രതികരണം:-** ലൂസി കളപ്പുര വിഷയത്തിൽ പൊതുസമൂഹത്തിനിടയിൽ ഉണ്ടായ ആശങ്കകൾക്കും സംശയങ്ങൾക്കും പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ സോഷ്യൽ മീഡിയയിലൂടെ യഥാസമയം വേണ്ട പ്രതികരണങ്ങളും തെളിവുകളുടെ അടിസ്ഥാനത്തിൽ അവർക്കിടയിൽനിന്ന് ഉയർന്ന ചോദ്യങ്ങൾക്ക് കൃത്യമായ മറുപടികളും നൽകി.

**കാരക്കാമല വിഷയം കത്തുകൾ അയച്ചു:-** സഭയേയും സഭാസംവിധാനങ്ങളെയും മോശമായി ചിത്രീകരിച്ച്കൊണ്ട് ലൂസി കളപ്പുരയും കൂട്ടരും നടത്തി വരുന്ന വ്യാജപ്രചരണങ്ങളും നാടകപരമ്പരകളും മാനന്തവാടി രൂപതയെയോ ഒരുപറ്റം പുരോഹിതരെയോ സന്യാസിനികളെയോ മാത്രമല്ല കത്തോലിക്ക വിശ്വാസികളെ ഒന്നടങ്കം വിഷമത്തിൽ ആഴ്ത്തിയിരിക്കുകയാണ്. ഒരു പരിധിവരെ നമുക്ക് ഈ വിഷമസ്ഥിതി മറികടക്കാൻ സാധിക്കാതെ പോകുന്നത് ലൂസി കളപ്പുരയെ പുറത്താക്കൽ നടപടിക്രമങ്ങൾ നീണ്ടുപോകുന്നത് കൊണ്ടാണ് എന്നതാണ് വാസ്തവം. ഇതിനൊരു പരിഹാരം കാണുന്നതിനായി താൽക്കാലികമായെങ്കിലും കാരക്കാമല മഠം അടച്ചിടണമെന്നും അവിടെയുള്ള സിസ്റ്റേഴ്സിനെ മറ്റൊരിടത്തേക്ക് മാറ്റണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം. FCC കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറലിനും മാനന്തവാടി പ്രൊവിൻസ്, പ്രൊവിൻഷ്യൽ സുപ്പീരിയറിനും കത്തയച്ചു. ലൂസി കളപ്പുര വിഷയത്തിൽ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപത സംസ്ഥാന സമിതിക്ക് കത്തയച്ചു.

**മാധ്യമ പ്രവർത്തകർക്ക് മാസ്കുകൾ വിതരണം ചെയ്തു**

കെ.സി.വൈ.എം. മാനന്തവാടി രൂപത വൈസ് പ്രസിഡന്റ് കുമാരി. റ്റെസിൻ വയലിൽ പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് അബ്ദുള്ള പള്ളിയാലിന് മാസ്ക്കുകൾ കൈമാറി. ചടങ്ങിൽ കെ.സി.വൈ.എം രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, രൂപത ആനിമേറ്റർ സിസ്റ്റർ സാലി CMC, രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, ദ്വാരക മേഖല പ്രസിഡന്റ് ശ്രീ. ജോബിൻ ഇല്ലിക്കൽ, മാധ്യമ പ്രവർത്തകരായ ലത്തീഫ് പടയൻ, സുരേഷ് തലപ്പുഴ, കെ.എം. ഷിനോജ്, ജസ്റ്റിൻ ചെഞ്ചട്ടയിൽ, തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## COFFY (Catholic Ongoing Faith Formation for Youth)

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന COFFY വിജയകരമായി മുന്നോട്ടുനീങ്ങുന്നു. വ്യത്യസ്ത വിഷയങ്ങൾ, വ്യത്യസ്തരായ റിസോഴ്സ് ടീം എന്നിവ കോഫിയുടെ മാധുര്യം വർദ്ധിപ്പിക്കുന്നു. പ്രശസ്ത സൈക്കോളജിസ്റ്റായ നിഷ ജോസിന്റെ ബന്ധങ്ങളുടെ പ്രാധാന്യത്തെ വിളിച്ചോതുന്ന Successful Interpersonal Relationship എന്ന ക്ലാസ്സ് ബന്ധങ്ങളുടെ തീവ്രതയും ശ്രദ്ധിക്കേണ്ട കാര്യങ്ങളും മനസ്സിലാക്കിത്തരുന്നതായിരുന്നു. വിളമ്പുകണ്ടം ഇടവക വികാരി റവ. ഫാ. സജി നെടുംകല്ലേലിന്റെ സഭയും ദൈവജനവും എന്ന വിഷയം സഭയുടെ ഉള്ളറകളിലേക്ക് വെളിച്ചം വീശുതായിരുന്നു. CMC കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ജാസ്മിൻ മരിയ നയിച്ച Introduction to Catholic Moral Theology എന്ന സെക്ഷൻ ക്രൈസ്തവ ധാർമ്മികതയെക്കുറിച്ച് കൂടുതൽ അറിയാനും സംശയനിവാരണം നടത്താനും സഹായപ്രദമായിരുന്നു. ജീവന്റെ മൂല്യത്തെക്കുറിച്ചുള്ള മാനന്തവാടി ജില്ലാശുപത്രിയിലെ ഡോ. അബ്രഹാം നയിച്ച സെക്ഷൻ ജീവന്റെ സവിശേഷതയെയും ജീവനെതിരെയുള്ള തിന്മകളെയും കുറിച്ച് കൂടുതൽ അറിവ് നൽകാനും കുറെയേറെ സംശയങ്ങൾ ദൂരീകരിക്കാനുമുള്ള വേദിയായി. നാം ആയിരിക്കുന്ന നമ്മുടെ കുടുംബങ്ങളുടെ ചൈതന്യത്തെ എടുത്തുകാണിക്കാൻ സാധിക്കുന്നതായിരുന്നു ഫാ. ജോജോ കുടുക്കച്ചിറയും ഫാ.ജോഷി മഞ്ഞക്കുന്നേലും നയിച്ച ക്രൈസ്തവ കുടുംബം എന്ന സെക്ഷൻ. ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നയിച്ച REBT (Rational Emotive Behavor

Therapy) എന്ന സെക്ഷൻ യുവഹൃദയങ്ങളെ ഉണർത്തുന്ന തായിരുന്നു. നാം വ്യത്യസ്തരാണെന്നും, ജയിക്കാൻ മാത്രമല്ല തോൽക്കാനും പഠിക്കണമെന്നും, നമ്മുടെ വില നമ്മളാണ് തീരുമാനിക്കേണ്ടതെന്നും ബോധ്യപ്പെടുത്തി. ലൈംഗിക ധാർമികത എന്ന വിഷയത്തെക്കുറിച്ച് സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ നയിച്ച സെക്ഷൻ സമൂഹത്തിൽ നടക്കുന്ന അനീതികളെയും അരാജകത്വങ്ങളേയും തിരിച്ചറിയാനും ദൈവത്തിന്റെ വലിയ ദാനമായ ലൈംഗികതയെക്കുറിച്ച് അവബോധം ഉള്ളവരാകുവാനും സഹായിക്കുന്നതായിരുന്നു. KCYM സഭയ്ക്കും സമൂഹത്തിനും എന്ന വിഷയത്തെക്കുറിച്ചുള്ള കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കരയുടെയും കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചാലക്കരയുടെയും സെക്ഷൻ കെ.സി.വൈ.എം. എന്ന പ്രസ്ഥാനത്തെ ക്കുറിച്ചുള്ള വിശാലമായ കാഴ്ചപ്പാട് നൽകുന്നതും പ്രസ്ഥാനത്തിന്റെ മനോഹാരിത വിളിച്ചോതുന്നതുമായിരുന്നു. കോഫിയുടെ ആദ്യഘട്ടത്തിലെ അവസാനത്തെ സെക്ഷനായ യുവജനങ്ങളും സാമൂഹ്യ പ്രതി ബദ്ധതയും എന്ന വിഷയം കൈകാര്യം ചെയ്തത് കെ.സി.വൈ.എം. മുൻ സംസ്ഥാന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ ആണ്. യുവജനങ്ങളുടെ വൈവിധ്യമായ സാധ്യതകളെ ക്കുറിച്ചും അതിനെല്ലാം കെ.സി.വൈ.എം. എങ്ങനെ സഹായിക്കുമെന്നും സമൂഹത്തിൽ ആരാകണമെന്നും തെളിയിച്ചു തരുന്നതായിരുന്നു ഈ സെക്ഷൻ.

കോഫി ടീം അംഗങ്ങൾക്ക് ഊർജ്ജം പകരാനായി വന്നെത്തിയ കൊല്ലം രൂപത കെ.സി.വൈ.എം. പ്രസിഡന്റ് എഡ്വേർഡ് രാജു, കെ.സി.വൈ.എം. ആലപ്പുഴ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നക്കൽ, എം.സി.വൈ.എം. മൂവാറ്റുപുഴ രൂപത ജനറൽ സെക്രട്ടറി ജോസ്മി പി ജോണി, എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപത സെക്രട്ടറി ബിബിൻ ചാമക്കാലായിൽ, കെ.സി.വൈ.എം. പുനലൂർ രൂപത പ്രസിഡന്റ് അഖിൽ അനിയൻ, എം.സി.വൈ.എം. തിരുവനന്തപുരം അതിരൂപത ഉപാധ്യക്ഷ ആതിര എസ് ലാലു, കെ.സി.വൈ.എം. താമരശ്ശേരി രൂപത ഉപാധ്യക്ഷ ലെറ്റീഷ്യ ജോഷി, എം.സി.വൈ.എം. പാറശ്ശാല രൂപത ജനറൽ സെക്രട്ടറി എയ്ഞ്ചൽ മേരി തുടങ്ങിയവരുടെ സാന്നിധ്യം ആവേശജനകമായിരുന്നു. 31 സെക്ഷനുകളിലായി വ്യത്യസ്തമായ അനുഭവം തന്നെ സമ്മാനിച്ച്

കോഫിയുടെ ആദ്യസെക്ഷൻ പന്തക്കുസ്ത ദിനമായ മെയ് 31-ാം തിയ്യതി അഭിവന്ദ്യ മാർ ജോസ് പൊരുടേം പിതാവിന്റെ ആശീർവാദത്തോടെയും കെ.സി.വൈ.എം. മാനന്തവാടി രൂപത ആനിമേറ്റർ സി. സാലി CMC യുടെ പ്രാർത്ഥന ശുശ്രൂഷയോടെയും അവസാനിച്ചു. 13 മേഖലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട യുവത ഒരു കുടുംബമായി മുന്നോട്ട് പോകുന്നു.

**പരിസ്ഥിതി ദിനാചരണം: ജൂൺ 5**

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹിക അകലം പാലിച്ചുകൊണ്ട് തന്നെ മാനന്തവാടി രൂപതയിലെ എല്ലാ ഇടവകകളിലും കെ.സി.വൈ.എം. യുവജനങ്ങളുടെ നേതൃത്വത്തിൽ ദേവാലയപരിസരം ശുചീകരിക്കുകയും, ഭവനങ്ങളിൽ ഓരോ മരത്തൈ നടുകയും ചെയ്തു. ജൂൺ 8 ന് നമ്മുടെ ആരാധനാലയങ്ങൾ തുറക്കപ്പെടുന്നതിന് മുന്നോടിയായി ഇത്തരമൊരു പ്രവർത്തനം നടത്തിയതും ഭൂമിക്കായി കരുതൽ നൽകിയതും മികച്ച നേട്ടമാണ്. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ലോക്ക്ഡൗൺ നിയമങ്ങൾ പാലിച്ചുകൊണ്ട് തന്നെ ഇടവക വികാരിയുമായി ആലോചിച്ച് അവർ നൽകിയ നിർദ്ദേശങ്ങൾ സ്വീകരിച്ച് ശുചീകരണ പ്രവർത്തനത്തിൽ എല്ലാ യൂണിറ്റുകളും പങ്കാളികളായി. പ്രവർത്തനം വിജയകരമാക്കാൻ സഹകരിച്ച എല്ലാ യൂണിറ്റുകൾക്കും നന്ദി.

**ഹരിതം 2020 വെബിനാർ**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ, കാർഷിക മേഖലയിൽ കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന 'ഹരിതം 2020' പദ്ധതിയുടെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് എങ്ങിനെ ജൈവകൃഷി ചെയ്യാം എന്ന വിഷയത്തിൽ വെബിനാർ നടത്തി. വെബിനാറിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ സംസ്ഥാന സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ പങ്കെടുത്തു.

**ഹരിതം**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന ഹരിതം പദ്ധതിയുടെ ആദ്യഘട്ടത്തിൽ മാനന്തവാടി രൂപതയും ഭാഗമായി. ഇതോടനുബന്ധിച്ച് ജൂൺ 7 ന് യുവജനങ്ങൾ ഭവനങ്ങൾ ശുചീകരിക്കുകയും ജൈവ കൃഷിക്ക് ആരംഭംക്കുറിക്കുകയും ചെയ്തു.

**കൃതജ്ഞതയോടെ**

കെ.സി.വൈ.എം. സഹരക്ഷാധികാരി ആയിരുന്ന മോൺ. അബ്രഹാം നെല്ലിക്കൽ, രൂപത പ്രൊക്യുറേറ്റർ റവ. ഫാ. ജിൽസൺ കോക്കണ്ടത്തിൽ, ചുങ്കക്കുന്ന് മേഖലാ ഡയറക്ടർ റവ. ഫാ. വിൻസന്റ് കളപ്പുരയിൽ തരിയോട് മേഖലാ ഡയറക്ടർ റവ.ഫാ. ജെയിംസ് കുന്നത്തേട്ട്, നിലമ്പൂർ മേഖലാ ഡയറക്ടർ റവ. ഫാ. വർഗീസ് കിഴക്കൻ പുതുപ്പള്ളി, ബത്തേരി മേഖല ഡയറക്ടർ റവ.ഫാ. രജീഷ് കറുത്തേടത്ത് എന്നിവർക്കും നിലമ്പൂർ മേഖല ആനിമേറ്റർ സി. അർച്ചന എസ്.കെ.ഡി, മാനന്തവാടി മേഖല ആനിമേറ്റർ സി. വിജയ എസ്.എ.ബി.എസ്. എന്നിവർക്കും പുതിയ ദൗത്യമേഖലയിലേക്ക് കടന്നു പോകുമ്പോൾ കെ.സി.വൈ.എം. യുവജനപ്രസ്ഥാനത്തിന് നൽകിക്കൊണ്ടിരുന്ന സഹായ സഹകരണങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദിയും പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

മാനന്തവാടി രൂപതയുടെ വികാരി ജനറാളായി സ്ഥാനമേൽക്കുന്ന ബഹു. പോൾ മുണ്ടോളിക്കൽ അച്ചനും, രൂപത പ്രൊക്യുറേറ്റർ ജോൺ പൊൻപാറക്കൽ അച്ചനും, മണിമൂളി നിലമ്പൂർ മേഖലകളുടെ നിയുക്ത സിഞ്ചെല്ലൂസ് തോമസ് മണക്കുന്നേൽ അച്ചനും ഹൃദ്യമായ സ്വാഗതവും പുതിയ ദൗത്യ മേഖലയിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**അനുമോദനങ്ങൾ**

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി എ മലയാളത്തിന് ഫസ്റ്റ് റാങ്ക്നേടിയ കുമാരി ലിനു കരിക്കേടത്തിനും ബിഎസ്സി സുവോളജിയിൽ ഫസ്റ്റ് റാങ്ക് നേടിയ കുമാരി ആൻ മരിയ ജോർജിനും മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ അനുമോദനങ്ങൾ.

**അനുശോചനങ്ങൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ മുൻ ആനിമേറ്ററും ഓഫീസ് സെക്രട്ടറിയും നിലവിലെ സംസ്ഥാന സെനറ്റ് മെമ്പറുമായ സി. സ്മിത എസ്.എ.ബി.എസിന്റെ പിതാവിന്റെ നിര്യാണത്തിൽ മാനന്തവാടി രൂപത യുവജനപ്രസ്ഥാനത്തിന്റെ അനുശോചനങ്ങൾ.

**മേഖല വാർത്തകൾ**

**മണിമൂളി മേഖല**

രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ COFFY Training Programme മേഖലയിൽ നിന്ന് 14 അംഗങ്ങൾ പങ്കെടുത്തു. രൂപതയുടെ

നേതൃത്വത്തിൽ നടത്തിയ 1 ലക്ഷം മാസ്ക് പദ്ധതിയുടെ ഭാഗമായി മേഖലയിൽ നിന്നും 1500 ൽ പരം മാസ്ക്കുകൾ നിർമ്മിച്ചു നൽകി, യുണിറ്റുകളിൽ lock down മൂലം ദുരിതം അനുഭവിക്കുന്നവർക്കു കിറ്റ് വിതരണം ചെയ്തു. June 5 പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി മേഖലയുടെ നേതൃത്വത്തിൽ യുണിറ്റുകളിൽ ഇടവക ദേവാലയങ്ങൾ ശുചീകരിച്ചു, വൃക്ഷത്തൈകളും നട്ടു. രൂപതയുടെ നേതൃത്വത്തിൽ പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾ ദിവസം നടത്തപ്പെട്ട 'നാഥനോടൊപ്പം' പ്രാർത്ഥന കൂട്ടായ്മയിൽ മണിമൂളി മേഖല യുവജനങ്ങൾ പങ്കെടുത്തു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി മണിമൂളി മേഖല പാതാറിൽ നിർമ്മിക്കുന്ന വീട്പണിയിൽ ശ്രീ. സന്തോഷ് ചെട്ടിശേരിയുടെയും, മേഖല പ്രസിഡന്റ് ശ്രീ. ജോഷി പാലക്കാട്ടിന്റെയും നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നുള്ള യുവജനങ്ങൾ വെട്ടുക്കല്ലിറക്കി സഹായിച്ചു.

**കല്ലോടി മേഖല**

രൂപതയോട് ചേർന്ന് കല്ലോടി മേഖലയുടെ നേതൃത്വത്തിൽ 4000 മാസ്ക്കുകൾ നിർമ്മിച്ച് നല്കി . വിവിധ യൂണിറ്റുകൾ നേതൃത്വം നല്കി. കുഞ്ഞോം ട്രൈബൽ ഓഫീസർക്ക് മാസ്ക്കുകൾ കൈമാറി.

**നിലമ്പൂർ മേഖല**

മാനന്തവാടി രൂപതയുടെ കീഴിൽ രൂപതയിലെ യുവജന ങ്ങൾക്കായി നടത്തിയ COFFY (Catholic ongoing faith formation for youth Programme) മേഖലയിൽ നിന്ന് 10 ഓളം യുവജനങ്ങൾ പങ്കെടുത്തു. Corona അതിജീവനം ലക്ഷ്യംവെച്ചുകൊണ്ട് രൂപത ആരംഭിച്ച ആദിവാസി മേഖകളിലേക്ക് ഒരു ലക്ഷം മാസ്ക് നിർമ്മാണം എന്ന പ്രോഗ്രാമിന്റെ ഭാഗമായി വിവിധ യൂണിറ്റുകളും മാതൃവേദിയും സഹകരിച്ച് മാസ്ക് നിർമ്മാണം ആരംഭിച്ചു. നിലമ്പൂർ മേഖലയിലെ ആദിവാസി കുടുംബങ്ങൾക്ക് 1500 മാസ്ക്കുകൾ നിർമ്മിച്ച്, പൂക്കോട്ടും പാടം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. അനീഷിന് കൈമാറി. ലോകത്തെ പിടിച്ചുലച്ചുകൊണ്ടിരിക്കുന്ന കോവിഡ് എന്ന മഹാമാരി അതിജീവനം ലക്ഷ്യം വെച്ചുകൊണ്ട് നിലമ്പൂർ മേഖലയിലെ വടപുറം യൂണിറ്റ് ഓരോ ദിവസവും പ്രത്യേക നിയോഗം വെച്ച് സ്വന്തമായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കൽപ്പറ്റ മേഖല**

കോവിഡ് 19 പശ്ചാത്തലത്തിൽ മാനന്തവാടി രൂപത കെ.സി. വൈ.എംമ്മിന്റെ 1 ലക്ഷം മാസ്ക് പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ

മേഖല 7000 നു മുകളിൽ മാസ്കുകൾ നിർമ്മിക്കുകയും കൽപ്പറ്റ, വൈത്തിരി ട്രൈബൽ ഓഫീസുകളിൽവെച്ച് വയനാട് ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള, കൽപ്പറ്റ ട്രൈബൽ ഓഫീസ് പ്രൊജക്റ്റ് മാനേജർ ബെന്നി പി തോമസ് എന്നിവർക്ക് മേഖലാ പ്രസിഡന്റ് ശ്രീ. നെവിൻ, മേഖല സെക്രട്ടറി ശ്രീ. അനുഗ്രഹ് മാത്യു, മേഖലാ കോഡിനേറ്റർ ശ്രീ. സാൽബിൻ, രൂപതാ ട്രഷർ ശ്രീ. റ്റിബിൻ, മേഖല ആനിമേറ്റർ സി. അനിലിറ്റ്, വൈത്തിരി യൂണിറ്റ് ഡയറക്ടർ ഡോ. ഫാ. ജോൺ പുളിന്താനം എന്നിവർ കൈമാറി. ജൂൺ 11 ദിവ്യകാരുണ്യ ദിനത്തിൽ രൂപതയോടൊപ്പം ദിവ്യകാരുണ്യ ആരാധനയിൽ പങ്കുചേർന്നു.

**തരിയോട് മേഖല**

കോഴിക്കോട് അസിസ്റ്റന്റ് കളക്ടറായി ചുമതലയേറ്റ ശ്രീധന്യ IAS ന് സാമൂഹ്യ മാധ്യമങ്ങൾ വഴി ആശംസകൾ അറിയിച്ചു. മാനന്തവാടി രൂപത കെ.സി.വൈ.എംമ്മിന്റെ 1 ലക്ഷം മാസ്ക് പദ്ധതിയുടെ ഭാഗമായി മുൻ രൂപത പ്രസിഡന്റും സംസ്ഥാന സിൻഡിക്കേറ്റ് അംഗവുമായ ശ്രീ.എബിൻ മുട്ടപ്പള്ളിയുടെ നേതൃത്വത്തിൽ 4000 ഓളം മാസ്ക്കുകൾ പടിഞ്ഞാറത്തറ ട്രൈബൽ എക്സറ്റൻഷൻ ഓഫീസ്, വെങ്ങപ്പള്ളി ട്രൈബൽ എക്സറ്റൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ നല്കി. സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളും മേഖല ഭാരവാഹികളും പങ്കെടുത്തു.

**ചുങ്കക്കുന്ന് മേഖല**

പന്തക്കുസ്താദിനത്തിന് ഒരുക്കമായിട്ട് ഒമ്പത് ദിവസം ആനിമേറ്ററിന്റെ നേതൃത്വത്തിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിക്കുന്നതിനായി പന്തക്കുസ്ത ഒരുക്ക പ്രാർത്ഥന നടത്തി. രൂപതയുടെ പന്തക്കുസ്താ ഒരുക്കദിന ആത്മജ്വാലയിൽ യുവജനങ്ങൾ പങ്കെടുത്തു. ഭവനങ്ങളിൽ പരി. അമ്മയുടെ ഭക്തി പ്രചരിക്കപ്പെടുവാനായി വണക്കമാസ പ്രാർത്ഥന നടത്തുവാൻ എല്ലാവരെയും പ്രേരിപ്പിച്ചു. ദേവാലയം തുറക്കുന്നതിന്റെ ഭാഗമായി പള്ളിയും പരിസരവും ശുചിയാക്കി. മരങ്ങൾ നട്ടുപിടിപ്പിച്ചു. കോറോണ വൈറസിൽ നിന്ന് ജനങ്ങള രക്ഷിക്കുവാൻ മാനന്തവാടി രൂപത കെ.സി.വൈ.എംമ്മിന്റെ 1 ലക്ഷം മാസ്ക് പദ്ധതിയുടെ ഭാഗമായി ചുങ്കക്കുന്ന് 1500 മാസ്ക്കുകൾ പഞ്ചായത്ത് പ്രസിഡന്റിന് കൈമാറി.

**ദ്വാരക മേഖല**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ദ്വാരക മേഖല 2500 മാസ്കുകൾ നിർമ്മിച്ചു നൽകി. ദ്വാരക, കൊമ്മയാട്, ചുള്ളിയാന, മംഗലശ്ശേരി, മൊതക്കര ഇടവകകളാണ് മാസ്ക് നിർമ്മാണത്തിൽ നേതൃത്വം വഹിച്ചത്. ആത്മജ്വാലയിൽ മേഖലയിലെ യുവജനങ്ങൾ പങ്കെടുത്തു. മേഖലയിൽ ഓൺലൈൻ പഠനം നടത്താൻ പറ്റാത്തവരുടെ ലിസ്റ്റ് എടുത്ത് സഹായം നൽകാൻ തീരുമാനിച്ചു. ജൂൺ 5 ന് എല്ലാ ഇടവകകളിലും കെ.സി.വൈ.എം. നേതൃത്വത്തിൽ ഇടവക പരിസര ശുചീകരണം നടത്തി.

**മാനന്തവാടി മേഖല**

കോവിഡ് 19 ന്റെ ഭീഷണി നേരിടുന്ന സാഹചര്യത്തിലും കാലഘട്ടത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തികൊണ്ട് മാനന്തവാടി കെ.സി.വൈ.എം. പ്രവർത്തനങ്ങൾ നടത്തി. പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ മേഖലയുടെ നേതൃത്വത്തിൽ പഞ്ചായത്തിനോട് സഹകരിച്ചു കൊണ്ട് ആലാറ്റിൽ ശാഖയിലെ യുവജനങ്ങൾ തൈകൾ വിതരണം ചെയ്യുവാൻ സഹായിക്കുകയും, തൈകൾ നടുകയും ചെയ്തു. അന്നേ ദിവസം തന്നെ വിവിധ ശാഖകളിൽ പരിസര ശുചീകരണം നടത്തുകയും, പള്ളിയും പരിസരവും വൃത്തിയാക്കുകയും ചെയ്തു. തുടർന്ന് മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള ഒരു അവബോധം വാട്സ് ആപ്പ് കൂട്ടായ്മ വഴി ശാഖകളെ അറിയിച്ചു. മഹാമാരിയിൽ നിന്നും ലോകത്തെ രക്ഷിക്കാനും പ്രാർത്ഥനാരൂപിയിൽ വളരുവാനും ഫേസ്ബുക്ക്, വാട്സ്ആപ്പ്, ട്വിറ്റെർ, യൂട്യൂബ്, എന്നിവയിലൂടെ പ്രാർത്ഥന നടത്തി.

**യൂണിറ്റ് വാർത്തകൾ**

**കൽപ്പറ്റ യൂണിറ്റ്**

കൽപ്പറ്റ യൂണിറ്റ് ഭാരവാഹികളെല്ലാവരും സൂം ആപ് വഴി മീറ്റിംഗ് കൂടുകയും ഓരോ ഭാരവാഹികൾകും വാർഡുകൾ വീതിച്ചു നൽകി അതിൽ കോവിഡ് കാലത്ത് കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുകയും ഇടവകയിൽ അറിയിക്കുകയും ചെയ്തു. മാനന്തവാടി രൂപതയുടെ ഒരു ലക്ഷം മാസ്ക് വിതരണം എന്ന പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ യൂണിറ്റ് കെ.സി.വൈ.എം. അംഗങ്ങൾ മാസ്കിന്റെ മെറ്റീരിയൽസ് കൽപ്പറ്റ യൂണിറ്റ് മാതൃവേദിയിലെ അമ്മമാർക്ക് എത്തിച്ചുകൊടുക്കുകയും മാസ്കുകൾ ശേഖരിച്ച് മേഖല ഭാരവാഹികൾക്ക് കൈമാറുകയും ചെയ്തു.

**നരിവാലമുണ്ട യൂണിറ്റ്**

ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും സിമിത്തേരിയും വൃത്തിയാക്കി. അന്നേ ദിവസം തന്നെ യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാറയിലിന്റെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീ. ജോഷി പാലക്കാട്ട് പള്ളിമുറ്റത്ത് മരത്തൈ നട്ടു. ഇടവകയുടെ നേതൃത്വത്തിൽ നടക്കുന്ന ഭവനനിർമ്മാണത്തിന് യുവജനങ്ങൾ സഹായിച്ചു. മണിമൂളി മേഖലയുടെ നേതൃത്വത്തിൽ പാതാറിൽ നടക്കുന്ന വീട്പണിക്ക് യൂണിറ്റിൽ നിന്നും യുവജനങ്ങൾ പോയി സഹകരിച്ചു.

**പുഴമുടി യൂണിറ്റ്**

യൂണിറ്റിലെ യുവജനങ്ങൾ ഒന്നുചേർന്ന് നിർദ്ധന ഭവന നിർമ്മാണത്തിൽ പങ്കെടുത്തു. കോവിഡ് 19 പശ്ചാത്തലത്തിൽ ആദിവാസി കുടുംബങ്ങൾക്കായി യുവജനങ്ങളുടെ നേതൃത്വത്തിൽ മാതൃസംഘത്തിന്റെ സഹായത്തോടെ 550 മാസ്ക്കുകൾ നിർമ്മിക്കുകയും മേഖലാസമിതിക്ക് കൈമാറുകയും ചെയ്തു. ദേവാലയങ്ങൾ തുറക്കുന്ന സന്ദർഭത്തിൽ ദേവാലയവും പരിസരവും ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ ശുചീകരിച്ചു

**വൈത്തിരി യൂണിറ്റ്**

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വയനാട്ടിലെ ആദിവാസി കുടുംബങ്ങൾക്കായി കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ മാതൃസംഘത്തിന്റെയും തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെയും സഹായത്തോടെ മാസ്ക്കുകൾ നിർമ്മിച്ച് മേഖല സമിതിക്ക് നല്കി. ലോക്ഡൗണിനു ശേഷം ദേവാലയങ്ങൾ തുറക്കുന്ന സന്ദർഭത്തിൽ ദേവാലയവും പരിസരവും യുവജനങ്ങൾ വൃത്തിയാക്കി.

**കല്ലോടി യൂണിറ്റ്**

കല്ലോടി യൂണിറ്റിലെ കെ.സി.വൈ.എം. യുവജനങ്ങളും, FCC സിസ്റ്റേഴ്സും ഇടവകയിലെ കുടുംബങ്ങളും ചേർന്ന് 1500 മാസ്ക് തയ്ച്ചു കല്ലോടി മേഖലാ സമിതിയ്ക്കു കൈമാറി. കൂടാതെ പാവപ്പെട്ട ഒരു കുടുംബത്തിന് കെ.സി.വൈ.എം. ഫണ്ടിൽ നിന്നും 2500 രൂപ നൽകുകയും ചെയ്തു .

**വഞ്ഞോട് യൂണിറ്റ്**

യുവജനങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കുകയും പത്തോളം മരത്തൈകൾ നടുകയും ചെയ്തു. യൂണിറ്റിലെ മാതൃവേദിയും യുവജനങ്ങളും ചേർന്ന് 1000 മാസ്കുകൾ നിർമ്മിച്ച് നൽകി.

**മരക്കടവ് യൂണിറ്റ്**

പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് കെ.സി.വൈ.എം. അംഗങ്ങൾക്ക് വേണ്ടി മെയ് 22 മുതൽ 31 വരെ രൂപതയുടെ നേതൃത്വത്തിൽ നടന്ന ആത്മജ്വാല ഒരുക്ക പ്രാർത്ഥനയിൽ മരക്കടവ് യൂണിറ്റ് യുവജനങ്ങൾ പങ്കുചേർന്നു. പന്തക്കുസ്തദിനമായ മെയ് 31ന് മരക്കടവ് ഇടവക ദേവാലയത്തിൽ യുവജനങ്ങൾക്കായി പ്രത്യേക ആരാധനയും പ്രാർത്ഥനയും കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഇടവകയുടെ ഫേസ്ബുക്ക് പേജുവഴി ലൈവ് ടെലിക്കാസ്റ്റ് ചെയ്യുകയുണ്ടായി. പരിസ്ഥിതി ദിനാചരണം – ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വികാരി ഫാ.സാന്റോ അമ്പലത്തറയുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കുകയും പത്തോളം മരത്തൈകൾ നടുകയും ചെയ്തു. കോവിഡ് പ്രതിരോധത്തിനുള്ള നിർദ്ദേശങ്ങൾ പള്ളിയുടെ മുമ്പിൽ ബാനറിൽ പ്രദർശിപ്പിച്ചു.

**മക്കിയാട് യൂണിറ്റ്**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും 1200 മാസ്ക്കുകൾ തൈയ്ച്ച് യുവജനങ്ങൾ ഭവനങ്ങളിൽ എത്തിച്ചുകൊടുത്തു. ഇടവകയിലെ നാല് ക്യാൻസർ രോഗികൾക്ക് 2000 രൂപ വീതം ചികിത്സാസഹായം നൽകി. സന്നദ്ധ ആരോഗ്യ പ്രവർത്തകരോടുചേർന്ന് മരുന്നും മറ്റ് അവശ്യസാധനങ്ങളും എത്തിച്ചുകൊടുത്തു.

**റോസ്മേരി തേറുകാട്ടിൽ**
ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക സെമിനാർ**

ഈ മാസങ്ങളിൽ വിവാഹമുള്ളവർ ഇടവക വികാരിയച്ചന്റെ അനുവാദത്തോടെ തലശ്ശേരി അതിരൂപത നടത്തുന്ന ഓൺലൈൻ കോഴ്സിലാണ് പങ്കെടുക്കേണ്ടത്. വിശദ വിവരങ്ങൾക്ക് 8547266096 എന്ന നമ്പറിൽ വിളിക്കുക.

**പ്രോലൈഫ്**

രൂപതയിലുള്ള കാനാ കമ്മ്യൂണിറ്റി ഫോർ ഫാമിലി & ലൈഫ് എന്ന വാട്ട്സ്ആപ്പ് പ്രാർത്ഥനാ കൂട്ടായ്മയിലെ അംഗങ്ങൾ എല്ലാ ഗർഭസ്ഥ ശിശുക്കൾക്കായും, പ്രത്യേകിച്ച് ഗർഭാവസ്ഥയിൽ കുഞ്ഞിനോ അമ്മയ്ക്കോ എന്തെങ്കിലും രോഗങ്ങളോ പ്രതിസന്ധികളോ ഉണ്ടെങ്കിൽ അവർക്കുവേണ്ടിയും നിരന്തരം പ്രാർത്ഥിക്കുന്നു. സ്കാൻ റിപ്പോർട്ടിൽ ശിശുവിന് രോഗം കണ്ടെത്തി, അബോർട്ട് ചെയ്യണം എന്ന് ഡോക്ടർമാർ നിർദ്ദേശിക്കുന്ന സാഹചര്യത്തിൽ അത്തരം ശിശുക്കളുടെ സൗഖ്യം, അബോർഷൻ ചെയ്യാതിരിക്കൽ എന്നീ നിയോഗങ്ങൾക്കായി ഈ കൂട്ടായ്മ പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു. ഇത്തരം സാഹചര്യങ്ങളിൽ പ്രാർത്ഥനാ സഹായം തേടാൻ ഓഫീസ് നമ്പറായ 8547266096 ലേക്ക് വാട്ട്സ്ആപ്പ് സന്ദേശം അയക്കാവുന്നതാണ്.

ജൂൺ മാസത്തിൽ, 20 ആഴ്ച കഴിഞ്ഞ, രോഗബാധിതമായ ഗർഭസ്ഥ ശിശുവിനെ അബോർട്ട് ചെയ്യണം എന്ന ആവശ്യവുമായി കോടതിയിലെത്തിയ ഒരു കേസിൽ രൂപതാ പ്രോലൈഫ് സമിതി ഇടപെട്ടു. അതുവഴി KCBC പ്രോലൈഫ് സമിതിയെ കേസിൽ കക്ഷി ചേർക്കാൻ സാധിച്ചു. പ്രാർത്ഥനയും കരുതലുമായി രൂപതാ പ്രോലൈഫ് സമിതി കോടതി വിധിക്കായി കാത്തിരിക്കുന്നു. നമ്മുടെ പ്രോലൈഫ് പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**മാതൃവേദി മേഖലാ വാർത്തകൾ**

**ബത്തേരി മേഖല**

ശാഖാതലത്തിൽ ഓൺ ലൈൻ ക്ലാസ്സിന് സൗകര്യമില്ലാത്ത കുട്ടികളെ കണ്ടെത്തി സഹായിച്ചു. 8150 മാസ്ക്കുകൾ നിർമ്മിച്ച് വിതരണം ചെയ്തു. പച്ചക്കറിത്തോട്ടം, ഔഷധസസ്യത്തോട്ടം, പൂന്തോട്ടം, എന്നിവയുടെ മത്സരം നടത്തി. പാചക നുറുങ്ങുകൾ ഗ്രൂപ്പിലൂടെ കൈമാറി.

ശാഖാ പരിധിയിലെ ആരോഗ്യ പ്രവർത്തകരായ വനിതകൾക്ക് ആശംസകൾ അറിയിച്ചു.

**മുള്ളൻകൊല്ലി മേഖല**

ഏലീശ്വാ സന്ദർശനത്തിന്റെ ഭാഗമായി ഗർഭിണികളായ സ്ത്രീകളെ ഫോൺ വിളിച്ച് ആശംസകളറിയിച്ചു. പാവപ്പെട്ട കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു. രോഗം മൂലം കഷ്ടപ്പെടുന്ന ലോകരാഷ്ട്രങ്ങൾക്കുവേണ്ടി ഭവനത്തിലിരുന്ന് ജപമാല, വിവിധ നൊവേന എന്നിവ ചൊല്ലി. അവരവരുടെ ഭവനങ്ങളിൽ പച്ചക്കറി കൃഷി നടത്തി.

**തരിയോട് മേഖല**

3000 മാസ്ക്കുകൾ നിർമ്മിച്ചു രൂപതയ്ക്കു നൽകി. കൈയ്യെഴുത്ത് മാസിക, പൂന്തോട്ട നിർമ്മാണം എന്നിവ പൂർത്തിയാക്കി. അഖണ്ഡ ജപമാല ശാഖകളിൽ തുടരുന്നു.

**അമ്പായത്തോട്**

മാതാവിന്റെ വണക്കമാസം വായന, ചിത്രരചനാ മത്സരം എന്നിവ നടത്തി. 1000 മാസ്ക്കുകൾ ഇടവകയ്ക്കുവേണ്ടി വിതരണം ചെയ്തു. മേഖലയ്ക്ക് 600 മാസ്ക്കുകൾ തയ്ച്ചു നൽകി. ഇടവകയിലെ നിർദ്ധന കുടുംബത്തിന് ഭവന നിർമ്മാണത്തിനായ് 5000 രൂപ നൽകി.

**വടപുറം**

മഞ്ചേരിയിലുള്ള ഷാലോം അഗതി മന്ദിരം സന്ദർശിച്ച് 15,000 രൂപ നൽകി. ആദിവാസികൾക്ക് 300 മാസ്ക്കുകൾ തയ്ച്ചു കൊടുത്തു. ലോകം നേരിട്ടുകൊണ്ടിരിക്കുന്ന പകർച്ചവ്യാധി നിർമ്മാർജ്ജനം ചെയ്യാൻ ജപമാല ചൊല്ലി.

**കുറുമണി**

മാതൃദീപം എന്ന കൈയ്യെഴുത്ത് മാസിക പൂർത്തിയാക്കി. മാസ്ക്ക് ഉണ്ടാക്കി മേഖലക്കു നൽകി. കോവിഡ്-19 എന്ന വിഷയം അധികരിച്ച് പ്രസംഗം, ലേഖനം എന്നിവ തയ്യാറാക്കി.

**പാലാങ്കര**

പൊതുപ്പണി വിളിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി. അമ്മമാർ ഭവനങ്ങളിലിരുന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വീട്ടുമുറ്റത്ത് പച്ചക്കറിത്തോട്ടം പിടിപ്പിച്ചു. മരച്ചീനി നട്ടു. മാതൃദിനത്തിൽ അമ്മമാർ പരസ്പരം ആശംസകൾ നേർന്നു.

**കോട്ടത്തറ**

മാതാവിന്റെ രൂപം അലങ്കരിച്ചുവച്ച് വണക്കമാസം ആചരിച്ചു. കൽപറ്റ ഗവ. ഹോസ്പിറ്റലിലെ രോഗികൾക്ക് പൊതിച്ചോറ് നൽകി. 300 മാസ്ക്കുകൾ തയ്ച്ച് രൂപതയ്ക്കു നൽകി. 500 മാസ്ക്കുകൾ കോളനി

കൾക്ക് വിതരണം ചെയ്തു. എലീശ്വ സന്ദർശനം, നവോമി സംഗമം എന്നിവ നടത്തി. കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. പ്രോ-ലൈഫ് വിജയത്തിനായി തിരുഹൃദയ ജപമാല ചൊല്ലി.

**റൂബിനഗർ**

മാസ്ക്കുകൾ തയ്ച്ച് വാർഡ് മെമ്പറെ ഏൽപ്പിച്ചു. അന്തർദേശീയ മാതൃവേദി നടത്തിയ ബൈബിൾ വായന പ്രോഗ്രാമിൽ 2 അമ്മമാർ പങ്കെടുത്തു. എല്ലാ ദിവസവും ഓരോ നിയോഗം വെച്ച് ബൈബിൾ പാരായണം നടത്തുന്നു. കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**കുറുമ്പാല**

മാതൃദിനത്തിൽ അമ്മമാർ പരസ്പരം ഫോണിൽ കൂടി ആശംസകൾ അറിയിച്ചു. ഇടവകയിൽ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും ആശംസകൾ നേർന്നു. മാതാവിന്റെ വണക്കമാസം ആചരിച്ചു. മാസ്കുകൾ നിർമ്മിച്ച് അടുത്തുള്ള കോളനികളിൽ വിതരണം ചെയ്തു. കയ്യെഴുത്ത് മാസിക തയ്യാറാക്കി. പകർച്ചവ്യാധികൾ മാറുവാനായി ഒരു മണിക്കൂർ ജപമാലയും കരുണകൊന്തയും ചൊല്ലി പ്രാർത്ഥിക്കുന്നു. ഇടവകയിലെ ആത്മസ്ഥിതി രജിസ്റ്റർ പൂർത്തിയാക്കാൻ സഹായിച്ചു.

**തലഞ്ഞി**

വണക്കമാസാചരണം നടത്തി. കൊറോണ വൈറസിനെതിരെ സമ്പൂർണ്ണ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബൈബിൾ എഴുത്ത് പൂർത്തിയാക്കി. ആദ്യ വെള്ളിയാഴ്ച ഉപവാസ പ്രാർത്ഥന നടത്തി. കരുണകൊന്ത, തിരുഹൃദയ കൊന്ത പതിവുപോലെ ചൊല്ലുന്നു. നിർദ്ധനരായ രോഗികൾക്ക് വസ്ത്രം, ഭക്ഷണ കിറ്റ്, മരുന്ന്, പണം എന്നിവ നൽകി സഹായിച്ചു. വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറികൾ നട്ടുണ്ടാക്കി. രൂപത നിർദേശപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തി. ബാഗ് നിർമ്മാണം, മാസ്ക്ക് എന്നിവ വിതരണം ചെയ്തു. പലതരത്തിലുള്ള കേക്കുകൾ തയ്യാറാക്കി.

**വഞ്ഞോട്**

950 മാസ്ക്കുകൾ വിതരണം ചെയ്തു. കൊറോണ കാലത്ത് പാചകം, അടുക്കളത്തോട്ടം, കരകൗശല വസ്തുക്കൾ നിർമ്മാണം, ഓർണമെന്റ്സ് നിർമ്മാണം, ഫോട്ടോഗ്രഫി, നാടൻപാട്ട്, കവിത, ചിത്രരചന എന്നിവയുടെ മത്സരങ്ങൾ നടത്തി.

**മരക്കടവ്**

ജൈവ പച്ചക്കറികൃഷി നടത്തി. കുടുംബം വചനത്തിന്റെ കൂടെ എന്ന ക്വിസ് മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. എനിക്ക് എല്ലാമാണ് ക്രിസ്തു എന്ന ഓൺ ലൈൻ ബൈബിൾ പാരായണത്തിൽ നാലു

പേർ പങ്കെടുത്തു. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ 100-ാം ജന്മദിനത്തിൽ ഭവനങ്ങളിൽ പ്രത്യേക പ്രാർത്ഥന നടത്തി. 2000 മാസ്ക്കുകൾ തയ്ച്ച് രൂപതയെ ഏൽപ്പിച്ചു. കൊറോണ ഭീതിയിൽ കഴി യുന്ന ലോകരാഷ്ട്രങ്ങൾക്കുവേണ്ടി കുരിശിന്റെ വഴി ചൊല്ലി.

**ശിശുമല**

കോവിഡ് രോഗികളുടെ സൗഖ്യത്തിനായ് ഏഴുപേർ അടങ്ങുന്ന ഓരോ ഗ്രൂപ്പുകളായി 91-ാം സങ്കീർത്തന പാരായണം, വചനവായന എന്നിവ നടത്തി, വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 7 അമ്മമാർ വി. മത്തായിയുടെ സുവിശേഷം മെയ് 1 മുതൽ 7 വരെ ഉച്ചക്ക് 12 മണിക്ക് തുടർച്ചയായി വായിച്ചു.

**തെനേരി**

അയൽവീടുകളിൽ മാസ്ക്കുകൾ തയ്ച്ചു നൽകി. പച്ചക്കറി കൃഷി ക്കായി കൃഷിഭവനിൽ നിന്നും പച്ചക്കറി വിത്തുകൾ വാങ്ങി വീടുകളിൽ എത്തിച്ചു.

**നരിവാലമുണ്ട**

ആദ്യവെള്ളിയാഴ്ച 'നാഥനോടൊപ്പം' എന്ന പേരിൽ ജാഗരണ പ്രാർത്ഥന നടത്തി. അമ്മയ്ക്കൊപ്പം എന്ന പേരിൽ മാതാവിന്റെ വണക്ക മാസവും ജപമാലയും ചൊല്ലി. കൊറോണ രോഗവ്യാപനത്തിനെതിരെ 91-ാം സങ്കീർത്തനം ചൊല്ലുന്നു. അമ്മയ്ക്കൊരു വചനഡയറി തയ്യാ റാക്കി. 100 ദിവസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. മാതൃദിനത്തിൽ MOM 2020 എന്ന പേരിൽ അമ്മമാർ അവരുടെ അമ്മ മാരോടൊപ്പമുള്ള ഫോട്ടോകൾ തയ്യാറാക്കി. ആരോഗ്യമന്ത്രിക്കും, ആരോഗ്യപ്രവർത്തകർക്കും ആശംസകളറിയിച്ച് പോസ്റ്റർ തയ്യാറാക്കി. നഴ്സുമാരായ അമ്മമാർക്ക് ആശംസകളറിയിച്ചു. കുട്ടികളിൽ ശുചിത്വ ബോധം വളർത്തുന്നതിന് തുപ്പല്ലേ തോറ്റുപോകും എന്ന വിഷയത്തിൽ 15 വയസ്സിൽ താഴെയുള്ളവർക്കായി വീഡിയോ പ്രസംഗ മത്സരം നടത്തി. പരീക്ഷാർത്ഥികൾക്കായി പ്രാർത്ഥനകൾ നടത്തി. പന്തക്കുസ്താദിന ത്തിൽ അമ്മമാർക്കായി ജ്വാല എന്ന പേരിൽ ഓൺലൈൻ ബൈബിൾ ക്വിസ് നടത്തി. അമ്മമാരുടെ ലോക്ഡൗൺ പ്രവർത്തനങ്ങൾ അടങ്ങിയ ഫോട്ടോസ് ശേഖരിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

ജൂൺ 6-ാം തീയതി ആദ്യ ശനിയാഴ്ച വൈകിട്ട് ആറര മുതൽ എട്ടരവരെ മീഡിയ കമ്മീഷന്റെ സഹായത്തോടെ ഓൺലൈൻ കൺവെൻഷൻ നടന്നു. റവ.ഫാ.ജിന്റോ തട്ടുപറമ്പിൽ വചന പ്രഘോഷണവും ആരാധനയും നടത്തി. സി. നിർമ്മല SH, സി. ട്രീസ SH എന്നിവർ ജപമാല പ്രാർത്ഥനയ്ക്കും ബ്രദർ ബിജു പുളിക്കൽ വാകേരി, സി. ലിസ SKD എന്നിവർ ഗാനശുശ്രൂഷ യ്ക്കും നേതൃത്വം നൽകി. ബ്രദർ ബേബി കുപ്പയിൽ, ബ്രദർ മത്തായി കാരക്കാട്ട് എന്നിവർ ആരാധനയ്ക്ക് സഹായിച്ചു.

എല്ലാ ഞായറാഴ്ചയും, ജൂൺ 11 ന് പരി. കുർബാനയുടെ തിരുനാൾ ദിവസവും ഓൺലൈൻ പ്രസംഗങ്ങൾ നടത്തി.

ജൂലൈ മാസത്തെ ഓൺലൈൻ ഏകദിന കൺവെൻഷൻ നാലാം തീയതി ശനിയാഴ്ച വൈകിട്ട് ആറര മുതൽ എട്ടര വരെ നടക്കുന്നതാണ്. ഡയറക്ടർ റവ.ഫാ. സോണി വാഴകാട്ട് നേതൃത്വം നൽകും.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

**മണ്ണ് പരിശോധന നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പൊർലോം എന്നീ നീർത്തടങ്ങളിൽ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പരിപാടിയുടെ ഭാഗമായി നീർത്തട പ്രദേശത്തെ മുഴുവൻ കുടുംബങ്ങളുടെയും മണ്ണ് പരിശോധിക്കുകയും സോയിൽ ഹെൽത്ത് കാർഡ് തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു. ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.

**മാതൃക കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പൊർലോം എന്നീ നീർത്തടങ്ങളിൽ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പരിപാടിയുടെ മാതൃകാ കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. പദ്ധതി പ്രദേശത്തെ 20 കുടുംബങ്ങൾക്കാണ് സഹായം ലഭിക്കുക. നീർത്തട കമ്മറ്റികളുമായി ആലോചിച്ച് ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പൂർത്തിയായി. ഇതിനോടകം 6 തൊഴുത്തുകളുടെ നിർമ്മാണം പൂർത്തിയായി.

**ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കോവിഡ് 19 ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. യവനാർകുളം, തവിഞ്ഞാൽ, വാളാട്, വലിയകൊല്ലി, തലപ്പുഴ, ആലാറ്റിൽ, പാൽചുരം എന്നിവിടങ്ങളിലെ 300 കുടുംബങ്ങൾക്കാണ് ഭക്ഷണകിറ്റുകൾ വിതരണം ചെയ്തത്. വിതരണ ഉത്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല യവനാർകുളത്ത് നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസ്സിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു.

**പരിസ്ഥിതി ദിനാചരണം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷതൈകൾ നട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസിനോട് ചേർന്നുള്ള സ്ഥലത്ത് തൈ നട്ടുകൊണ്ട് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.പോൾ കൂട്ടാല ദിനാചരണം ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസ്സിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ. എന്നിവർ സംസാരിച്ചു.

**DDU-GKY**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൻ കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽപരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിന് വേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്ന് ചേർന്ന് നടത്തി വരുന്ന DDU-GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ്ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടന്നു വരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷൻ, ബ്യൂട്ടീഷൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നു വരുന്നത്. പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

രാജ്യം മുഴുവൻ ലോക്ക്ഡൗൺ ആയ ഈ കാലത്തിൽ സ്റ്റഡി സെന്ററുകൾ അടക്കപ്പെട്ടപ്പോൾ എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസുകൾ നൽകുകയും അതോടൊപ്പം അവർക്ക് COVID 19 വൈറസിനെ പറ്റിയും എങ്ങനെ ഈ ലോക്ക് ഡൗൺ കാലം ഉപയോഗപ്രദമായ രീതിയിൽ ആസ്വാദപൂർണ്ണമാക്കാം എന്ന് കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും ബോധവാന്മാരാക്കുകയും ചെയ്തു. കേരളത്തിലും കേരളത്തിന്റെ പുറത്തും ജോലി ചെയ്തു വന്നിരുന്ന കുട്ടികൾക്ക് ആവശ്യഘട്ടത്തിൽ കൗൺസിലിംഗും സാമ്പത്തിക സഹായവും നൽകുകയും ചെയ്തു.

ഓൺലൈൻ വഴിയായി ക്വിസ് മത്സരങ്ങൾ, പരീക്ഷകൾ, പസൽസ് മാനസികമായും ശാരീരികമായും വിനോദം നൽകുന്ന പ്രവർത്തനങ്ങൾ ഇവയെല്ലാം കുട്ടികൾക്ക് നൽകുന്നതോടൊപ്പം ധാർമ്മികമായും സാമൂഹ്യപരമായും അവരെ വാർത്തെടുക്കുന്നതിന് അവരെ സഹായിക്കുകയും ചെയ്തു.

**DDU - GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അപേക്ഷകൾ വരുന്ന മാസങ്ങളിൽ (ഗവൺമെന്റ് അനുവാദം ലഭിക്കുമ്പോൾ) മുതൽ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷൻ, ബ്യൂട്ടീഷൻ, ഫുഡ് പ്രൊസസിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്.**

ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥിക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ, ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്. തൊഴിൽപരമായ പരിശീലനത്തിന് മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾക്ക് യാതൊരു വിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും തികച്ചും സൗജന്യമാണ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന എല്ലാവർക്കും വിദേശത്തും സ്വദേശത്തും ജോലി ഉറപ്പു നൽകുന്നു.

### കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ചു വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

### ക്ഷേമനിധി പദ്ധതികൾ

കേരള ഗവൺമെന്റിന്റെ വിവിധ തരത്തിലുള്ള ക്ഷേമനിധികളിൽ അംഗത്വമെടുത്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും (വിവിധ ട്രേഡ് യൂണിയന്റെ കീഴിൽ) കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 1000/രൂപ വീതം ധനസഹായം ക്ഷേമനിധി ബോർഡ് നൽകിവരുന്നു. KLM ന്റെ കീഴിൽ രൂപതയിൽ ചേർത്തിരിക്കുന്ന എല്ലാ തൊഴിലാളി അംഗങ്ങൾക്കും ധനസഹായം ലഭിക്കാനുള്ള ക്രമീകരണം ചെയ്തു. 80% അംഗങ്ങൾക്കും അക്കൗണ്ടിൽ 1000 രൂപ വീതം എത്തി. ഇനിയും ലഭിക്കാത്തവർ ബാങ്ക് പാസ്ബുക്കിന്റെ കോപ്പിയും ബാങ്ക് സ്റ്റേറ്റുമെന്റും (WSSS) എത്തിക്കുക.

### അംശാദായ വർദ്ധന

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്തിരിക്കുന്ന തൊഴിലാളികൾക്ക് 2020 ഏപ്രിൽ മുതൽ പ്രതിമാസം അംശാദായം 20 രൂപയിൽ നിന്ന് 50 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ ഈ മാസം മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി റീജിയനുകളിൽപ്പെട്ട അമരക്കുനി, ആറാട്ടുതറ, കുറുമണി, നടവയൽ, പുൽപ്പള്ളി, പുതുശ്ശേരി, സീതാമൗണ്ട് എന്നീ സെന്ററുകളിൽ നിന്നായി 12 കുടുംബങ്ങൾക്ക് ഈ പദ്ധതിയിൽ അംഗത്വം ലഭിച്ചു. ഈ ലോക്ക്ഡൗൺ ദിവസങ്ങളിൽ കുടുംബങ്ങൾക്കായും കുട്ടികൾക്കായും കരകൗശല വസ്തുക്കൾ നിർമ്മിക്കുക, പച്ചക്കറിത്തോട്ടം ഉണ്ടാക്കുക, മാസ്ക്കുകൾ തയ്ക്കുക, പ്രസംഗ മത്സരം തുടങ്ങിയ വിവിധ പരിപാടികളിൽ പങ്കുചേരുവാൻ പ്രോത്സാഹനം നൽകുകയും ഓൺലൈനായി പരിപാടികൾ വിലയിരുത്തുകയും ചെയ്തു. 2020-2021 വർഷത്തിൽ 10 കുടുംബങ്ങളെ പുതുതായി ചേർക്കുവാൻ അവസരം ഉണ്ട്. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**നവജീവൻ**

കാലാവസ്ഥ വ്യതിയാനം മൂലം പ്രളയവും ഉരുൾപൊട്ടലും വരൾച്ചയും ഉണ്ടാകും എന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഈ ദുരന്തങ്ങളെ നേരിടുന്ന തിനും രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഫലപ്രദമാക്കുന്നതിനും കൃത്യമായി ഏകോപിപ്പിക്കുന്നതിനും പ്രാദേശിക സമൂഹങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ വയനാട് ജില്ലയിൽ എടവക, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകളിലെ 10 വാർഡുകളിലാണ് WSSS ന്റെ നേതൃത്വത്തിൽ യുവജനങ്ങളെ ഉൾപ്പെടുത്തി ഇരുപത് അംഗങ്ങൾ വീതമുള്ള വാർഡ് തല ദുരന്തനിവാരണ സേന രൂപീകരിച്ചു. കൃത്യമായ ഏകീകരണത്തോടെ പ്രളയം മുതലായ പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിക്കാനും രക്ഷാപ്രവർത്തനങ്ങളിൽ അതിവേഗം പ്രവർത്തനനിരതരാകാനും യുവജനങ്ങളെ സന്നദ്ധരാക്കുക എന്നതാണ് വാർഡ്തല ദുരന്തനിവാരണ സേനയുടെ രൂപീകരണം വഴി ലക്ഷ്യം വയ്ക്കുന്നത്.

**ജീവസ് ഇൻഷൂറൻസ്**

ജീവസ് ഇൻഷൂറൻസ് മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. രൂപതയിൽ 789 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വം എടുത്തിട്ടുണ്ട്. മെയ് മാസം 23 ക്ലെയിമുകൾ സമർപ്പിച്ചു, കോവിഡ് മൂലം മുടങ്ങികിടന്നിരുന്ന ക്ലെയിമുകളിൽ 31 ക്ലെയിമുകൾ പാസായി. ബാക്കി ഉള്ളവയുടെ നടപടികൾ നടന്നുവരുന്നു.

**ഇ ശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ ഇ ശക്തി എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. ഈ 600 സംഘങ്ങളുടെയും മെയ് മാസം വരെയുള്ള പ്രവർത്തനങ്ങളും കണക്കും നബാർഡിലേക്ക് അയച്ചു. ലോക്ക് ഡൗൺ കാലത്ത് യോഗങ്ങൾ ചേർന്നില്ലെങ്കിലും ബാങ്കിന്റെ ലോണടവുകൾ സംഘങ്ങൾ മുടക്കം കൂടാതെ ബാങ്കിലടച്ചു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള ഈ കോഴ്സിലേക്ക് 2020-2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്.എസ.എൽ.സി. യോഗ്യത ഉള്ള ഈ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കാർഷിക രംഗത്ത് പുത്തൻ പ്രതീക്ഷകൾ നൽകി മുന്നേറുന്ന ബയോവിൻ അഗ്രോ റിസേർച്ചിന്റെ പ്രവർത്തനങ്ങൾ ലോക്ക് ഡൗൺ പശ്ചാത്തലത്തിൽ കർഷകർക്കരികിൽ നേരിട്ടെത്തുന്നതിന് മെയ് മാസം ബുദ്ധിമുട്ടുകൾ നേരിട്ടുവെങ്കിലും ആവശ്യമായ നിർദ്ദേശങ്ങൾ ഫോൺ മുഖേന നൽകുവാൻ ഫീൽഡ് കോർഡിനേറ്റർമാർ സജ്ജരായിരുന്നു. പരിവർത്തന കാലഘട്ടം 3 (IC 3 യിൽ) ഉൾപ്പെട്ടിട്ടുള്ള ഏഴായിരത്തോളം കർഷകരുടെ ട്രെയ്സ് നെറ്റ് അപ്ഡേഷൻ മെയ് മാസം പൂർത്തീകരിച്ചു.

വൊഫ, കഫേ സംഘടനകളിൽ ഉൾപ്പെട്ടിട്ടുള്ള മികച്ച ഗ്രൂപ്പുകൾക്കായുള്ള ഗ്രാൻഡ് വിതരണം നടന്നു വരുന്നു.

വോഫെയിൽ നിന്നും എല്ലാ വർഷവും നൽകിവരുന്ന ഭവന പുനരുദ്ധാരണ/നിർമ്മാണ സാമ്പത്തിക സഹായം 49 അപേക്ഷകർക്കായി 18,25,000 രൂപ വിതരണം ചെയ്തു.

ലോക്ക് ഡൗൺ മൂലം കർഷകരിൽ നിന്നും മെയ് മാസം ഉത്പന്ന സംഭരണം നടത്താൻ സാധിച്ചിരുന്നില്ല.

ഫെയർട്രേഡ് പ്രീമിയം പ്രൊജക്റ്റിന്റെ ഭാഗമായി കർഷകർക്ക് സൗജന്യമായി നീറ്റുകക്ക വിതരണം പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ പൂർത്തീകരിച്ചു.

സംസ്കരണ യൂണിറ്റിൽ കാപ്പി, കുരുമുളക്, വാഴപ്പഴം എന്നിവയുടെ സംസ്കരണം നടന്നു. 200 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടുത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

കോവിഡ് 19 എന്ന മഹാമാരിയുടെ മുന്നിൽ ലോകം മുഴുവൻ വിറങ്ങലിച്ച് നിൽക്കുമ്പോൾ തമിഴ്നാട് സർക്കാരിനോട് ചേർന്ന് നീലഗിരി ജില്ലയിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ, കോവിഡ് നിർദ്ദേശങ്ങൾ എല്ലാം നിറവേറ്റിക്കൊണ്ട് നല്ല രീതിയിൽ മുന്നോട്ട് പോകുന്നു.

**(1) ഇവാലുവേഷൻ മീറ്റിംങ്ങ്**

കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ട് മാസം നടക്കാതിരുന്ന യൂണിറ്റ് ഇവാലുവേഷൻ പരിപാടികൾ വീണ്ടും ആരംഭിച്ചു.

കോവിഡ് പ്രതിരോധ ബോധവത്ക്കരണ ക്ലാസുകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, സ്വാശ്രയസംഘങ്ങൾ ചേർന്നുള്ള ചിട്ടികൾ, ജൈവ കൃഷി പ്രോത്സാഹനം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റിയുള്ള വിലയിരുത്തൽ നടന്നു.

**(2) കോവിഡ് 19 ബോധവത്ക്കരണ പരിപാടി**

കൊറോണ എന്ന മാരക രോഗത്തെക്കുറിച്ചുള്ള ബോധ വത്ക്കരണവുമായി ബന്ധപ്പെട്ട് 'ഭയമല്ല, കരുതലാണ് വേണ്ടത്' എന്ന ആശയത്തെ മുൻനിർത്തി വിവിധ യൂണിറ്റുകളിൽ ക്ലാസുകൾ സംഘടിപ്പിക്കുകയും കഴിയുന്നത്ര ആളുകളെ കൊറോണ ബോധ വത്ക്കരണത്തിന്റെ ഭാഗമാക്കുകയും ചെയ്തു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, സാമൂഹിക അകലം പാലിക്കൽ, പ്രതിരോധ ഉപകരണങ്ങൾ എന്നിവയുടെ ഉപയോഗം തുടങ്ങിയവയെക്കുറിച്ച് ആരോഗ്യ മേഖലയിലെ ആളുകൾ നിയന്ത്രിത എണ്ണങ്ങളോടെ ഗ്രൂപ്പുകൾക്ക് ക്ലാസുകൾ നൽകി. രോഗപ്രതിരോധ വസ്തുക്കളായ മാസ്ക്ക്, സാനിറ്റൈസർ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം ഈ ക്ലാസുകളിലൂടെ ധാരാളം ആളുകൾക്ക് ലഭിച്ചു.

**(3) മാസ്ക്, സാനിറ്റൈസർ എന്നിവയുടെ നിർമ്മാണവും വിതരണവും**

കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി വിവിധ യൂണിറ്റുകൾ മാസ്ക്കുകൾ, സാനിറ്റൈസർ ലോഷൻ എന്നിവ സ്വന്തമായി നിർമ്മിക്കുകയും ഉപയോഗിക്കുകയും ആവശ്യക്കാർക്ക് തുച്ഛമായ വിലയ്ക്ക് നല്കി വരികയും ചെയ്യുന്നു. ഗ്രൂപ്പ് അംഗങ്ങൾ സ്വന്തമായി നിർമ്മിച്ച രണ്ടായിരത്തോളം മാസ്ക്കുകൾ അവശവിഭാഗങ്ങളിൽപ്പെട്ടവർ, ആദിവാസികൾ, പോലീസ്, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് വിതരണം ചെയ്തു.

**(4) ഗ്രോസറി കിറ്റ് വിതരണം:**

കോവിഡ് ലോക്ഡൗൺ കാലത്തെ പട്ടിണിയും ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യതക്കുറവും അനുഭവപ്പെട്ട സ്ഥലങ്ങളിൽ 1000 രൂപയോളം വിലവരുന്ന അവശ്യസാധനങ്ങളുടെ 500 ഓളം കിറ്റുകൾ ഗൂഡല്ലൂർ പന്തല്ലൂർ താലൂക്കുകളിലെ അവശ വിഭാഗത്തിലെ ആളുകൾക്ക് വിതരണം ചെയ്തു. വീട്ടിൽ തനിച്ചായവർ, പ്രായമായവർ, മക്കൾ ഉപേക്ഷിച്ച് പോയവർ, ശാരീരിക അവശതകൾ അനുഭവിക്കുന്നവർ, ഗോത്രവർഗ്ഗ വിഭാഗങ്ങൾ എന്നിവരെ കേന്ദ്രീകരിച്ച് നടത്തിയ ഈ ജനസേവന പരിപാടിയിൽ സുമനുസകൾ ആയ ധാരാളം ആളുകൾ പങ്കാളി കളായി.

**(5) ഹെൽത്ത് വോളണ്ടിയേഴ്സ്**

തമിഴ്നാട് ഗവൺമെന്റിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകൾ ആകാൻ വേണ്ടി താല്പര്യമുള്ള NDS ന്റെ 60-ഓളം അംഗങ്ങൾ ആരോഗ്യകണക്കെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഫാർമസികൾ, വീടുകയറി യുള്ള വിവര ശേഖരണം എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്ന തിലൂടെ നീലഗിരിയിലെ കോവിഡ് പ്രതിരോധ പ്രവർത്തന ങ്ങളിൽ പങ്കാളികളാകാൻ സാധിച്ചു. സഹകരിച്ച എല്ലാ അംഗ ങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**(6) Protected Cultivation Shade Net House Project**

തമിഴ്നാട് ഗവൺമെന്റ് ഹോർട്ടികൾച്ചർ ഡിപ്പാർട്ടു മെന്റുമായി സഹകരിച്ച് NDS ന്റെ കീഴിൽ വരുന്ന പട്ടയമുള്ള കർഷകർക്ക് Protected Cultivation Shade Net House Project ന് അപേക്ഷകൾ നല്കി.

1000 സ്കൊയർ മീറ്റർ സ്ഥലത്തുള്ള ഷെയ്ഡ് നെറ്റ് കൃഷിക്ക് 3,55,000 രൂപയാണ് സബ്സിഡിയായി ലഭിക്കുന്നത്. നൂതന കൃഷിരീതികൾ പരീക്ഷിക്കാൻ താല്പര്യമുള്ള യുവകർഷകർക്ക് ഉപകാരപ്രദമായ ഈ പരിപാടിയിലേക്ക് ധാരാളം യുവകർഷകർ കടന്നുവന്ന് പ്രവർത്തിക്കുന്നു.

**(7) ഭവന നിർമ്മാണ പദ്ധതി**

NDS ന്റെയും മാനന്തവാടി രൂപതയുടെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിൽ ഈ വർഷം ഒരു ഭവനത്തിന് 6.5 ലക്ഷം രൂപ പൂർണ്ണ ധന സഹായവും, ബാക്കി 4 വീടുകൾക്ക് 50,000.00 രൂപ വീതമുള്ള ഭാഗിക ധനസഹായവും നൽകാൻ സാധിച്ചു. ഭവനനിർമ്മാണ സഹായത്തിന് ചെറിയ രീതിയിലെങ്കിലും സഹായം ചെയ്ത ആളുകൾ, പൊതുപണിക്ക് നേതൃത്വം നൽകിയ യുവജനങ്ങൾ, ഇടവക വികാരിമാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**(8) PWLWD സഹായ പദ്ധതി**

ശാരീരിക വൈകല്യം മൂലം അവശത അനുഭവിക്കുന്ന സ്ത്രീകൾക്കും, കുട്ടികൾക്കും വേണ്ടി NDS ഉം ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി നടത്തുന്ന ധനസഹായ പദ്ധതിക്ക് അപേക്ഷകൾ ക്ഷണിച്ചു. ഗൂഡല്ലൂർ പന്തല്ലൂർ താലൂക്കുകളിലെ ശാരീരിക വൈകല്യമുള്ള 100 ഓളം കുടുംബങ്ങൾ സ്വയം പര്യാപ്തതയിലേക്ക് വളരുവാനുള്ള പ്രത്യേക പദ്ധതിയാണിത്.

**(9) പാരമ്പര്യ മരുന്നുകളുടെ സംരക്ഷണ പദ്ധതി**

NDS പാരമ്പര്യ മരുന്നുകളുടെ സംരക്ഷണ പദ്ധതിയുടെ ഭാഗമായി, മനുഷ്യശരീരത്തിന് ഹാനികരമല്ലാത്തതും പാരമ്പര്യമായി സംരക്ഷിച്ചു വരുന്നതുമായ ആയുർവേദ മരുന്നുകൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന അജമാംസ രസായനം, മുറിവെണ്ണ, ഉരഗുളിക, വേദന സംഹാരി എണ്ണ എന്നിവയുടെ നിർമ്മാണവും, വിപണനവും NDS ന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ആയുർവേദ പാരമ്പര്യചികിത്സാ വിധികളിൽ നിപുണനായ ഫാ.ജോസഫ് ചിറ്റൂർ, സി.ഇന്നസെന്റ് MSMI എന്നിവരുടെ മേൽനോട്ടത്തിൽ കൃത്യമായ ആയുർവേദ ചേരുവകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഈ മരുന്നുകളും, എണ്ണകളും എറെ ഗുണമേന്മ ഉള്ളതാണെന്ന് നേരത്തെതന്നെ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇവ വേണ്ടവർക്ക് NDS ഗൂഡല്ലൂർ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**(10) പുതിയ ഓഫീസ് സെക്രട്ടറി**

NDS ന്റെ പ്രോജക്ട് കോഡിനേറ്റർ, ഓഫീസ് സെക്രട്ടറി, റീജണൽ ഓഫീസ് സെക്രട്ടറി എന്നീ തസ്തികകളിലേക്ക് ശ്രീ. ജോഷി താണോലിനെ നിയമിച്ചിരിക്കുന്നു. ഗൂഡല്ലൂർ അധികാരി വയൽ ഓഫീസ് പ്രവർത്തന സമയം തിങ്കൽ മുതൽ ശനി വരെ 10 മുതൽ 5 മണിവരെ ആയിരിക്കും.

നീലഗിരി റീജണിലെ ഓഫീസ് ആവശ്യങ്ങൾ, NDSന്റെ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ബന്ധപ്പെടേണ്ട നമ്പറുകൾ.

ഫാ. ബിനോയി കാശാംകുറ്റിയിൽ (ഡയറക്ടർ) : 9585885153
ജോഷി താണോലിൽ (പ്രോജക്ട് കോഡിനേറ്റർ) : 9486988685
ഇമെയിൽ : ndsgudalur2008@gmail.com
വെബ്സൈറ്റ് : www.ndsgudalur.org

കോവിഡ് മഹാമാരിയെ ധൈര്യപൂർവ്വം അതിജീവിക്കുന്ന നീലഗിരിയിലെ പ്രബുദ്ധരായ ജനതയ്ക്കൊപ്പം ദൈവാനുഗ്രഹത്തിന്റെ പുതിയ പ്രവർത്തനവർഷത്തിലേക്ക് കടക്കുന്ന NDS ന്റെ ജൂൺ മാസത്തിലെ പ്രവർത്തന റിപ്പോർട്ട് സമാപിക്കുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

കോവിഡ് 19 പ്രതിരോധത്തിനും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുമായി ആരോഗ്യബോധവത്കരണ മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് പൊതുവായുള്ള പ്രവർത്തനങ്ങളും റേഡിയോ മാറ്റൊലിയുടെ പരിപാടികളിൽ ഉൾപ്പെടുത്തി. പൊതുസേവന പരസ്യങ്ങളും പ്രൊമോകളും, പ്രത്യേക ബോധവത്കരണ പ്രോഗ്രാമുകളും, തത്സമയ ഫോൺ ഇൻ പരിപാടികളും സംഘടിപ്പിച്ചു. വിവിധ തലത്തിലുള്ള വകുപ്പ് മേധാവികളുടെ സന്ദേശങ്ങളും പ്രക്ഷേപണം ചെയ്തു. ഇതിന്റെ ഭാഗമായി ഈ ടോക്സ്, വീട്ടിലിരിക്കാം പാട്ടുകേൾക്കാം എന്നിവ പ്രക്ഷേപണം ചെയ്തു. അതോടൊപ്പം ആദിവാസി വിഭാഗങ്ങൾക്കിടയിലേക്ക് ബോധവത്കരണം എത്തിക്കുന്നതിനായി ഗോത്രഭാഷയിലും പ്രോഗ്രാമുകളും പ്രോമോകളും പ്രക്ഷേപണം ചെയ്തു.

റേഡിയോ സ്റ്റേഷന്റേയും പ്രോഗ്രാമുകളേയും ഒരു തരത്തിലും ദോഷകരമായി ബാധിക്കാത്ത രീതിയിൽ ജില്ലാ ഭരണകൂടത്തിന്റേയും ആരോഗ്യവകുപ്പിന്റേയും നിർദ്ദേശത്തോടെ സ്റ്റാഫംഗങ്ങൾക്ക് ജോലിയിൽ ക്രമീകരണം ഏർപ്പെടുത്തി. 07 പേരടങ്ങുന്ന രണ്ട് ടീം ആയി തിരിഞ്ഞാണ് പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.

**കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി 11 -ാം വാർഷികം ആഘോഷിച്ചു.**

വയനാട് ജില്ലയിലും അതുപോലെ തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള വിവിധ വിഭാഗം ജനങ്ങളുടെ സന്തതസഹചാരിയായി മാറിയ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി ജൂൺ 1 ന് 11 -ാം വാർഷികം ആഘോഷിച്ചു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ആയിട്ടാണ് ഇപ്രാവശ്യത്തെ വാർഷികാഘോഷം സംഘടിപ്പിച്ചത്. റേഡിയോമാറ്റൊലി രക്ഷാധികാരിയും മാനന്തവാടി രൂപതാദ്ധ്യക്ഷനുമായ ബിഷപ്പ് മാർ ജോസ് പൊരുന്നേടം, ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കൽ, പ്രഥമ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം, മുൻ അസി. ഡയറക്ടർ ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി, WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല, മിസ്സിസ് നീരജ ശേഖർ ഐ.എ.എസ്, മിനിസ്ട്രി ഓഫ് ഇൻഫോർമേഷൻ& ബ്രോഡ്കാസ്റ്റിംങ്ങ് ജോയ്ന്റ് സെക്രട്ടറി, ജില്ലാ കളക്ടർ ഡോ. അദീല

അബ്ദുള്ള, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി.നസീമ, എം.എൽ.എ മാരായ ഒ.ആർ കേളു, ഐ.സി ബാലകൃഷ്ണൻ, സി.കെ ശശീന്ദ്രൻ, മാനന്തവാടി മുൻസിപ്പൽ ചെയർമാൻ വി. ആർ. പ്രവീജ്, എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ വിജയൻ, മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗിലെ എക്കണോമിക് അഡ്വൈസർ അബ്ദുൾ കരീം, അസിസ്റ്റന്റ് ഡയറക്ടർ അഞ്ജന ഉണ്ണികൃഷ്ണൻ ജില്ലാ ഭക്ഷ്യസുരക്ഷാവകുപ്പ് അസി. ഡയറക്ടർ പി. ജെ. വർഗീസ്, ആരോഗ്യകേരളം വയനാട് ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ബി അഭിലാഷ്, ഡോ. ജി. ആർ. സന്തോഷ് കുമാർ, എക്സ്പേർട്ട് വളണ്ടി യേഴ്സ്, പഴയകാല മാറ്റൊലി പ്രവർത്തകർ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പച്ചപ്പണിയാം പച്ചപുതയ്ക്കാം എന്ന പേരിൽ വാരാചരണ പരിപാടി സംഘടിപ്പിച്ചു.

കാർഷിക മേഖലയിലെ മഴക്കാല മുന്നൊരുക്കങ്ങൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജൂൺ 6 ന് ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 വരെ സംഘടിപ്പിച്ച പ്രോഗ്രാമിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ.മമ്മുട്ടി ശ്രോതാക്കളുടെ സംശയ ങ്ങൾക്ക് മറുപടി നൽകി.

സുരക്ഷിത രക്തം ജീവന്റെ രക്ഷ എന്ന പേരിൽ ലോക രക്തദാതാ ദിനമായ ജൂൺ 14 ന് പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

ഉണരാം കരുതലിലേക്ക് പ്രത്യേക മൺസൂൺ ബോധവത്കരണ പരിപാടി പ്രക്ഷേപണം ആരംഭിച്ചു.

**സ്കിൽമിത്ര**

അസാപ് കേരള വയനാട് നടത്തിയ വെബിനാറിന്റെ ശ്രവ്യരൂപം റേഡിയോമാറ്റൊലി സ്കിൽമിത്ര എന്ന പേരിൽ ജൂൺ ഒന്നിന് ആരംഭിച്ചു.

**നല്ല നാളേയ്ക്കായ്**

ജൂൺ ആറിന് നല്ല നാളേയ്ക്കായ് (അൽപം കരുതൽ കൂടുതൽ അറിവ്) എന്ന പരിപാടി ആരംഭിച്ചു. സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസ്സാണ് നല്ല നാളെയ്ക്കായ് പരിപാടിയിലൂടെ പ്രക്ഷേപണം ചെയ്യുക. സ്ത്രീകളുടെയും കുട്ടികളുടെയും മാനസികോല്ലാസത്തിനായുള്ള പരിപാടിയാണ് നല്ല നാളേക്കായ്. എഫ്.സി.സി. സന്യാസിസമൂഹത്തിന്റെ സാമ്പത്തിക സഹായത്തോടെ നടത്തിയ പ്രൊജക്ടാണ് ഇത്.

**എന്റെ അക്ഷരലോകം**

പ്രിയപുസ്തകവും കഥാസാരവും പങ്കുവയ്ക്കുന്ന പരിപാടിയായ എന്റെ അക്ഷരലോകം ജൂൺ 19 ന് ആരംഭിച്ചു.

**അക്ഷരങ്ങളിലെന്റെ നാട്**

വയനാടിന്റെ എഴുത്തുകാരെയും കൃതികളെയും പരിചയപ്പെടുത്തുന്ന പരിപാടിയാണ് അക്ഷരങ്ങളിലെന്റെ നാട്. വയനാട് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിലാണ് ഈ പരിപാടി ചെയ്യുന്നത്.

**ഈ ടോക്സ് –കൊറോണയുടെ സഞ്ചാര വഴികൾ**

ആരോഗ്യകേരളം വയനാടിന്റെ സഹകരണത്തോടെ റേഡിയോ മാറ്റൊലി അവതരിപ്പിക്കുന്ന പ്രത്യേക കൊറോണ രോഗ ബോധവത്കരണ പരിപാടിയായ ഈ ടോക്സിൽ ആരോഗ്യകേരളം ഇൻഫർമേഷൻ സെന്റർ ഇൻ ചാർജ്ജ് ഡോ. സന്തോഷ്, ഡോ. സന്തോഷ് രാജഗോപാൽ എന്നിവരുടെ പ്രഭാഷണമാണ് ഉൾപ്പെടുത്തിയത്.

**ഋതുഭേദം**

നബാർഡിന്റെ സഹായത്തോടെ കാലാവസ്ഥ വ്യതിയാന ബോധവത്കരണ പരിപാടിയായ ഋതുഭേദ പ്രഭാഷണ പരമ്പര പൂർത്തിയായി. നാടകവും, കവിതയും, തൽസമയ ഫോൺ ഇൻ പരിപാടികളും, പ്രഭാഷണങ്ങളും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

കോർപ്പറേറ്റ് മാനേജരായി നിയമിതനായ ഫാദർ. സിജോ ഇളം കുന്നപ്പുഴക്ക് കോർപ്പറേറ്റ് കുടുംബത്തിലേക്ക് സ്വാഗതം. കോർപ്പറേറ്റ് മാനേജരെന്ന നിലയിലുള്ള അച്ചന്റെ എല്ലാ പ്രവർത്തനങ്ങളിലും ദൈവാനുഗ്രഹവും ആശംസകളും നേരുന്നു.

**വിദ്യാഭ്യാസ വർഷം**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ സാധാരണ രീതിയിൽ തുറക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഈ വർഷം ഓൺലൈൻ മുഖേന കുട്ടികൾക്ക് ക്ലാസുകൾ നൽകുകയാണല്ലോ. ഏറെ താമസിയാതെ കോവിഡ് വ്യാപനം ഇല്ലാതായി കുട്ടികൾക്ക് വിദ്യാലയത്തിൽ വരുവാനും സാധാരണ വിദ്യാലയ ജീവിതം ആരംഭിക്കുവാനും അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. ഓൺലൈൻ വിദ്യാഭ്യാസമാണെങ്കിലും ഓരോ വിദ്യാലയത്തിലേയും അധ്യാപകർ എല്ലാ കുട്ടികളെയും ഫോൺ മുഖേനയോ, മറ്റു മാർഗ്ഗങ്ങളിലൂടെയോ ബന്ധപ്പെട്ട് കുട്ടികൾക്ക് വേണ്ട സഹായങ്ങൾ നൽകി വരുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

**HM പ്രമോഷൻ & ട്രാൻസ്ഫർ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിൽ ന്യൂനപക്ഷ പദവി ലഭിച്ച വിദ്യാലയങ്ങളിലെ 2020-21 അധ്യയന വർഷത്തേക്കുള്ള പ്രധാനാധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള HS, UP & LP പ്രധാനാധ്യാപകരുടെ പ്രമോഷനും, ട്രാൻസ്ഫറും പ്രസിദ്ധീകരിച്ചു.

**HS/TTI**

ശ്രീമതി. ഷെമിലി ഫിലിപ്പ് - പ്രിൻസിപ്പാൾ, മാനന്തവാടി സെന്റ് ജോസഫ്സ് ടി. ടി. ഐ.

**UP&LP**

ശ്രീ. വർക്കി എൻ. എം. - ബത്തേരി അസംപ്ഷൻ യു. പി. സ്ക്കൂൾ (ട്രാൻസ്ഫർ)

ശ്രീമതി മേരി പി. ജോർജ് - ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻസ് എൽ. പി. സ്ക്കൂൾ (ട്രാൻസ്ഫർ)

ശ്രീ. അബ്രാഹം കെ. മാത്യു - പോരൂർ സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്ക്കൂൾ

ശ്രീ. ബെന്നി പി. ജെ. – മണിമൂളി സി. കെ. എൽ. പി. സ്ക്കൂൾ

ശ്രീമതി മറിയം കരിന്തോളി – വെള്ളൂന്നി പ്രൊവിഡൻസ് എൽ. പി. സ്ക്കൂൾ

ശ്രീമതി ജെയ്മോൾ തോമസ് – കണിയാരം എ. എൽ. പി. സ്ക്കൂൾ

പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രധാനാധ്യാപകർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**ബുള്ളറ്റിൻ വാർത്തകൾ**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ സ്ക്കൂളുകളിൽ നടത്തുന്ന പാഠ്യ-പാഠ്യേതര പഠനാനുബന്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് രൂപത ബുള്ളറ്റിനിൽ വരുന്നതിനായി നമ്മുടെ എല്ലാ സ്ക്കൂളുകളിൽ നിന്നുമുള്ള റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുൻപ് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുവാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കണം.

**ഫാ. ബിജു പൊൻപാറക്കൽ**
കോർപ്പറേറ്റ് മാനേജർ